27

# ദാവീദിനെ കുറിച്ചുള്ള അവസാനവാക്ക്

## 2 ശമുവേൽ 21- 24;

## 1 രാജാക്കന്മാർ 1; 2;

## 1 ദിനവൃത്താന്തം 20- 29

ദാവീദിനെ കുറിച്ച് അറിയപ്പെടുന്ന ഒരെഴുത്തുകാരൻ പറഞ്ഞു, "ദാവീദിനെ പോലെ മനുഷ്യ ചരിത്രത്തിൽ ആത്മീയമായ ശക്തി ഉളവാക്കിയ ഒരു ഡസനിൽ കൂടുതൽ ആളുകൾ ഇല്ല എന്ന് നമുക്ക് ഉറപ്പായി പറയാവുന്നതാണ്."[1] ദാവീദിനെ പോലെയുള്ള ഒരാളുടെ ജീവിതം എങ്ങനെ ഒരാൾക്ക് മടക്കിവയ്ക്കുവാൻ കഴിയും?

2 ശമുവേലിന്റെ എഴുത്തുകാരൻ ചിത്രീകരണ സമീപനമാണ് നടത്തിയത്. അബ്ശാലോമിന്റെ മത്സരം തകർന്നതിനു ശേഷം ആരംഭിക്കുന്ന, 2 ശമുവേലിന്റെ അവസാന നാലു അദ്ധ്യായങ്ങൾ ദാവീദിന്റെ ജീവിതത്തിൽ നിന്നുള്ള സമ്മിശ്ര രംഗങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു - നല്ലതും മോശവുമായ ദിവസങ്ങൾ - അവ എപ്പോൾ സംഭവിച്ചു എന്നതിനെ കുറിച്ചു വളരെ കുറച്ചു സൂചനകൾ മാത്രം നൽകുന്നു. ഒന്ന് രാജാക്കന്മാർ ഒരു ദശാബ്ദം കഴിഞ്ഞതിനുശേഷമുള്ള സംഭവത്തെ കുറിച്ചും ദാവീദിന്റെ മരണശയ്യയിലെ സംഭവങ്ങളും, രാജ്യം ശലോമോന്ന് ഏൽപ്പിച്ചുകൊടുക്കുവാൻ തയ്യാറായതിനെയും കുറിച്ചുമുള്ള സംഭവത്തിന്റെ ചെറു വിവരണങ്ങൾ നല്കുന്നു.

നേരെ മറിച്ച്, 1 ദിനവൃത്താന്ത ലേഖകൻ ഊന്നി പറയുന്ന സമീപനമാണ് ഉപയോഗിച്ചിരിക്കുന്നത്. ദാവീദ് തന്റെ ജീവിതത്തിലെ അവസാന പത്തുവർഷക്കാലം ശലോമോന്ന് വേണ്ട എല്ലാ ഒരുക്കങ്ങളും നടത്തുവാനും, രാജ്യം സംഘടിപ്പിക്കുവാനും (എല്ലാറ്റിലുമുപരിയായി) ദേവാലയനിർമ്മാണത്തിനു വേണ്ട ഒരുക്കങ്ങൾ നടത്തുവാനും ഉപയോഗിച്ചതായി അവൻ നമ്മെ അറിയിക്കുന്നു.

ആ രണ്ടു സമീപനങ്ങളെയും കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, എനിക്കോർമ്മ വരുന്നത് രണ്ട് ടെലിവിഷൻ നെറ്റുവർക്കുകൾ ഒരു മഹാനായ മനുഷ്യന്റെ മരണത്തെ കൈകാര്യം ചെയ്യുന്ന രീതിയാണ്. ഒരാൾ തികച്ചും വ്യത്യസ്തമായി, ആ മനുഷ്യന്റെ ജീവിതത്തിലെ ഉയർച്ചയുടെയും താഴ്ച്ചയുടെയും രംഗങ്ങളും, അവന്റെ ശക്തിയും ബലഹീനതയും ഉള്ള രംഗങ്ങളും

ചിത്രീകരിക്കാം. മറ്റൊരു നെറ്റുവർക്ക് ആ മനുഷ്യന്റെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ശക്തിയിലും രാജാവ് എന്ന നിലയിലെ നേട്ടങ്ങളിലും കേന്ദ്രീകരിക്കുന്നു. രണ്ടു ശമുവേലും 1 രാജാക്കന്മാരും ആദ്യത്തെ നെറ്റുവർക്കുപോലെയാണ്; 1 ദിനവൃത്താന്തം രണ്ടാമത്തെ നെറ്റുവർക്കുപോലെയാണ്.

ഞാൻ എന്റെ മനസ്സിൽ ആ പ്രത്യേക റ്റിവി പ്രോഗ്രാമുകളെ കുറിച്ചു ഓർത്തപ്പോൾ, മറ്റൊരു ചിന്ത കടന്നുവന്നു: രണ്ടുനെറ്റുവർക്കും ആ മനുഷ്യന്റെ ജീവിതത്തെ ചിത്രീകരിക്കുന്നതിൽ മാത്രം തൃപ്തരായിരുന്നില്ല. എന്നെ വലുതായി കലുഷിതമാക്കുന്ന ഒരു പ്രത്യേകത രണ്ടിനും ഉണ്ട്: “വിദഗ്ദ്ധർ” ആ മനുഷ്യനെ വിലയിരുത്തുവാനും – അയാൾ ജയിച്ചെന്നോ പരാജയപ്പെട്ടെന്നോ പറയുവാനും അയാളുടെ ചരിത്രത്തിലെ സ്ഥാനം വ്യക്തമാക്കുവാനുമുള്ളതായി കാണാം. ആ ചിന്തയോടുള്ള എന്റെ ആദ്യ പ്രതികരണം അസന്തുഷ്ടി ഉളവാക്കുന്നതായിരുന്നു; എന്റെ രണ്ടാമത്തെ പ്രതികരണം, കുറ്റബോധത്തോടെയുള്ള ഒരു ചിരിയായിരുന്നു. ഈ പഠനത്തിൽ, എന്റെ പങ്ക് ആ “വിദഗ്ദ്ധരുടേത്” ആണ്. ഓരോ സമയത്തും, ദാവീദിന്റെ പ്രവൃത്തികൾ എന്നെ വല്ലാതെ അമ്പരപ്പിച്ചിട്ടുണ്ട്. എനിക്ക് കരച്ചിൽ അനുഭവപ്പെട്ടിട്ടുണ്ട്, “ദാവീദേ, നിനക്ക് എങ്ങനെ ഇതിനു കഴിയും? നീ യഹോവയെയും അവന്റെ വചനത്തെയും സ്നേഹിക്കുന്നു എന്നെനിക്കറിയാം! നിനക്ക് ഇത് എങ്ങനെ ചെയ്യുവാൻ കഴിഞ്ഞു?” ഒരുപക്ഷെ നിങ്ങൾക്കും അങ്ങനെ തോന്നിയിരിക്കും.

ദാവീദിന്റെ ജീവിതത്തിലെ നാടകീയ രംഗങ്ങളെ കുറിച്ച് ഞാൻ കൂടുതലായി ചിന്തിക്കുന്തോറും, അഭിപ്രായം ഉന്നയിക്കുവാൻ “വിദഗ്ധന്മാർ” ഉള്ള – പ്രത്യേകതയുള്ള ഒരു നെറ്റ് വർക്ക് സമീപനം ഉപയോഗിച്ച് അവന്റെ ജീവിതം അവസാനിപ്പിക്കുന്നതാണ് കൂടുതൽ ഉചിതം എന്നു തോന്നും. നിങ്ങളുടെ ഊഹം അല്പം വലിച്ചുനീട്ടേണ്ടി വന്നേക്കാം, എന്നാലും എന്നോടൊപ്പം നിൽക്കുക.

## ദാവീദിനെ കുറിച്ചു മനുഷ്യന്റെ അവസാന വാക്ക്

നിരവധി പരസ്യങ്ങൾക്കുശേഷം, ഈ വാക്കുകൾ സ്ക്രീനിൽ തെളിയുന്നു: “ദാവീദിനെ കുറിച്ചുള്ള അവസാന വാക്ക്: ഒരു *റ്റിഎഫ്റ്റി* സ്പെഷ്യൽ.” തലക്കെട്ടു മങ്ങുന്നു, അവതാരകന്റെ മുഖം സ്ക്രീനിൽ പ്രത്യക്ഷമാകുന്നു. “നമ്മുടെ കാലഘട്ടത്തിന്റെ മഹാനായ നേതാവു കടന്നുപോകുമ്പോൾ ദേശം ദുഃഖിക്കുന്നു, യിസ്രായേലിന്റെ രാജാവായ, ദാവീദ്. ദാവീദ് രാജാവിന്റെ ജീവിതത്തിൽ നിന്നും പ്രധാനപ്പെട്ട സംഭവങ്ങൾ നാം കാണുമ്പോൾ ആ പ്രത്യേക ആദരവ് നൽകുന്നതിന് നിങ്ങൾ ഞങ്ങളോടൊപ്പം ഉണ്ടാകുവാൻ ക്ഷണിക്കുന്നു. നമ്മോടൊപ്പം അറിയപ്പെടുന്ന റിപ്പോർട്ട് പറയുന്നവരായ, ഇമാ വിമർശകനും ഉറാ വിമർശകനും ഉണ്ട്.”

### പരമാധികാരി (2 ശമു. 21:1-14)

വക്താവിന്റെ വിവരണം തുടരുമ്പോൾ നാം അടുത്തു കാണുന്നത് വിഷാദഭാവത്തോടെ യുവത്വമുള്ള ദാവീദിന്റെ മുഖമാണ്. “നീണ്ട ഏഴര വർഷത്തെ ആഭ്യന്തരവും സൈനികവുമായ കലഹശേഷം ദാവീദിനെ സകല യിസ്രായേലിന്റേയും രാജാവായി അഭിഷേകം ചെയ്തതു ഓർമ്മയുള്ളവർ മറന്നുകാണില്ല. അവൻ അവസാനം തന്റെ മുപ്പത്തി-ഏഴാമത്തെ വയസിൽ സിംഹാ

സനത്തിലേക്കു വന്നപ്പോൾ, രാജ്യം തല്ലിത്തകർന്നിരുന്നു. ദാവീദിനു പുറത്തു നിന്നുള്ള ശത്രുക്കളെ മാത്രം നേരിട്ടാൽ പോരായിരുന്നു, രാജ്യത്തിനകത്തു ശൗൽ നശിപ്പിച്ച വാഴ്ച്ചയെ ശരിയാക്കി എടുക്കയും ചെയ്യണമായിരുന്നു."

ക്യാമറ പുറകിലേക്ക് നീങ്ങുന്നു. ദാവീദിനെ നിയമപെട്ടകം[2] വെക്കുന്ന കൂടാരത്തിനുമുന്നിലായിട്ട് കാണുന്നു. അവൻ സ്വർഗ്ഗത്തേക്കു നോക്കി സംസാരിച്ചു: "യഹോവേ, മൂന്നു വർഷം, നീണ്ട മൂന്നു വർഷമായി മഴ പെയ്തിട്ട്! ഞങ്ങളുടെ മൃഗങ്ങൾ ചത്തൊടുങ്ങുന്നു. ഞങ്ങളുടെ കുട്ടികൾ ആഹാരത്തിനായി കേഴുന്നു. എന്തുകൊണ്ട്, യഹോവേ, എന്തുകൊണ്ടാണിത്?" ഉയരത്തിൽനിന്നു ഒരു ശബ്ദം കേട്ടു: "ശൗൽ ഗിബെയോന്യരെ കൊല്ലുക കൊണ്ട്, അതു അവൻ നിമിത്തവും രക്തപാതകമുള്ള അവന്റെ ഗൃഹം നിമിത്തവും" (21:1).[3]

ദാവീദ് യെരുശലേമിലേക്കു മടങ്ങിവന്നപ്പോൾ, വക്താവു പറയുന്നു: "യോശുവ ദേശത്തു ചെന്നപ്പോൾ, താൻ അവരെ നശിപ്പിക്കയില്ല എന്നു സൂത്രത്തിൽ ഗിബെയോന്യർ അവനെക്കൊണ്ടു ഒരു വിശുദ്ധ വാഗ്ദാനം ചെയ്യിച്ചു. താൻ വഞ്ചിക്കപ്പെട്ടുവെന്നു യോശുവക്കു മനസിലായപ്പോൾ, അവൻ ഗിബെയോന്യരെ ലേവ്യർക്കു, സമാഗമനകൂടാരത്തിനാവശ്യമുള്ള വിറകും വെള്ളവും കൊണ്ടുവരുന്ന ഭൃത്യന്മാരാക്കി വെച്ചു (യോശുവ 9). ശൗൽ രാജാവായപ്പോൾ, ഗിബെയോന്യർ യോശുവ നിർണ്ണയിച്ച പ്രവൃത്തികൾ ചെയ്തു, ഏതാണ്ട് മുന്നൂറു സംവൽസരം സമാധാനത്തോടെ ദേശത്തു പാർത്തു വരികയായിരുന്നു. എങ്ങനെയായാലും, ശൗൽ, അവരെ തുടച്ചുനീക്കുവാൻ തീരുമാനിച്ചു - അവൻ മിക്കവാറും വിജയിക്കയും ചെയ്തു.[4] ദാവീദിന്റെ വാഴ്ച്ചക്കാലത്തു കുറേനാളായി ഇല്ലാതിരുന്ന ഒരു ദുരന്തം ഉണ്ടായി: ദേശത്തിനു ശാപമായി ഒരു ക്ഷാമം നേരിട്ടു."

ദാവീദ് സിംഹാസനത്തിലിരിക്കയും, രംഗം മാറുകയും ചെയ്യുന്നു.അവനു മുന്നിൽ ധാരാളം പുരുഷന്മാർ നിന്നിരുന്നു. സിംഹാസനത്തിനു അരികിലായി സ്വർണ്ണവും വെള്ളി നാണയങ്ങളും അടങ്ങിയ ഒരു പെട്ടി തുറന്നു വച്ചിരിക്കുന്നു. പുരുഷന്മാരെ ഗിബെയോന്യർ എന്നു വിളിച്ചിരുന്നു. ദാവീദ് പറയുന്നു: "ഞാൻ നിങ്ങൾക്കു എന്തു ചെയ്തുതരേണം?" അവൻ ആ പെട്ടിയിലേക്ക് ചൂണ്ടിക്കാണിച്ചു. "നിങ്ങൾ യഹോവയുടെ അവകാശത്തെ അനുഗ്രഹിക്കേണ്ടതിന്നു ഞാൻ എന്തു പ്രതിശാന്തി ചെയ്യേണം" (21:3).

ആ പുരുഷന്മാർ തലകുനിച്ചു മറുപടി പറഞ്ഞു, "ശൗലിനോടും അവന്റെ ഗൃഹത്തോടും ഞങ്ങൾക്കുള്ള കാര്യം പൊന്നും വെള്ളിയുംകൊണ്ടു തീരുന്നതല്ല. യിസ്രായേലിൽ ഒരുത്തനെ കൊല്ലുന്നതും ഞങ്ങൾക്കുള്ളതല്ല" "കൊല്ലുന്നത്"? ഞങ്ങളെ മരവിപ്പു മൂടിയിരിക്കുന്നു. അവർ രക്തത്തിനുപകരം രക്തം ആഗ്രഹിക്കുന്നു. ദാവീദ് രാജധാനിയുടെ കിളിവാതിലിലൂടെ പുറത്തുള്ള ഉണങ്ങിയ വയലുകളും വിണ്ടുപോയ നിലങ്ങളും നോക്കി, അവസാനം പറയുന്നു, "നിങ്ങൾ പറയുന്നത് ഞാൻ ചെയ്തുതരാം" (21:4).

ആ പുരുഷന്മാർക്ക് ഉത്തരം ഉണ്ടായിരുന്നു: "അവന്റെ [ശൗലിന്റെ] മക്കളിൽ ഏഴുപേരെ ഞങ്ങൾക്കു ഏല്പിച്ചുതരേണം, ഞങ്ങൾ അവരെ യഹോവെക്കു മുൻപാകെ തൂക്കിക്കളയും." ആശ്വാസവും ദുഃഖവും ഒരേ സമയത്ത് ദാവീദിന്റെ മുഖത്ത് പ്രതിഫലിച്ചു. നമുക്ക് മിക്കവാറും അവന്റെ മനസു വായിക്കാം: "നൂറുകണക്കിനു അവരുടെ ആളുകൾ കൊല്ലപ്പെട്ടപ്പോൾ ഏഴു പേരെ മാത്രമാണ് അവർ ആവശ്യപ്പെട്ടത് ... എന്നാൽ എങ്ങനെ ഏഴുപേരെ

എനിക്കു മരണശിക്ഷ വിധിക്കുവാൻ കഴിയും?" അവസാനം രാജാവ് സമ്മതിച്ചുകൊണ്ടു പറയുന്നു, "ഞാൻ അവരെ വിട്ടു തരും" (21:6).

പുരുഷന്മാർ വിട്ടുപോകുന്നു. ദാവീദ് തന്റെ ഉപദേശകന്മാരെ[5] വിളിക്കുകയും, ഏഴുപേരെ തിരഞ്ഞെടുക്കുവാനുള്ള ജോലി തുടങ്ങുകയും ചെയ്യുന്നു. അവർ ശൗലിന്റെ അപ്പോഴും ജീവിച്ചിരിപ്പുള്ള പുരുഷപിൻഗാമികളുടെ പേരിന്റെ ലിസ്റ്റ് എടുക്കുവാൻ തുടങ്ങി. മെഫീബോശെത്തിന്റെ പേരു പറഞ്ഞപ്പോൾ, ദാവീദ് നിഷേധരൂപത്തിൽ തലയാട്ടി. "ആ ലിസ്റ്റിൽ നിന്ന് മെഫീബോശെത്തിന്റെ പേര് മാറ്റുക," അവൻ പറഞ്ഞു. "ഞാൻ അവന്റെ അപ്പനോട് വളരെ മുൻപുതന്നെ ഒരു ഉടമ്പടി ചെയ്തിരുന്നു."[6] സാദ്ധ്യതകൾ അധികം ഇല്ലായിരുന്നു; ശൗലിന്റെ വംശാവലി ഏകദേശം തീരാറായി.[7] ജീവിച്ചിരിക്കുന്ന ചുരുക്കം പേരിൽ രണ്ടുപേർ ശൗലിന്റെ വെപ്പാട്ടി ആയിരുന്ന രിസ്പയുടെ[8] പുത്രന്മാരും, കൂടാതെ അഞ്ചുപേർ ശൗലിന്റെ മൂത്ത മകളായ, മേരാബിന്റെ[9] പുത്രന്മാരുമായിരുന്നു.

രംഗം മാറി, ഒരു കുന്നിൻമുകളിൽ, ഏഴ് തൂണുകളിൽ ഏഴ് മൃതശരീരങ്ങൾ ആകാശത്തിനെതിരായി തൂങ്ങി കിടക്കുന്നു. കവിളിൽകൂടി കണ്ണുനീർ ഒഴുകുന്ന, ചാക്കു ശീല ധരിച്ച, ഒരു സ്ത്രീ അത് നോക്കിയിരിക്കുന്നു. നാം നോക്കുമ്പോൾ, രംഗത്തിനുണ്ടാകുന്ന ചെറിയ മാറ്റം സൂചിപ്പിക്കുന്നത് സമയം കടന്നുപോകുന്നതിനെയാണ്. രാത്രിയും പകലും, ആ ശരീരത്തെ[10] തൊടുവാൻ പക്ഷികളെയും മൃഗങ്ങളെയും സമ്മതിക്കാതെ, അവൾ ആ ശരീരത്തിനരികിലായി തന്നെ ഉണ്ടായിരുന്നു.

രംഗം സിംഹാസന മുറിയിലേക്കു മാറുന്നു. ഒരു ദൂതൻ ദാവീദിന്റെ അടുക്കലേക്കു വരുന്നു. "രിസ്പ ഇപ്പോഴും അവിടെ ഉണ്ട്," അവൻ പറയുന്നു, "മൃതശരീരങ്ങളെ കാത്തുകൊണ്ടിരിക്കുന്നു." മൃതശരീരങ്ങൾ താഴെയിറക്കി, ശൗലിന്റെ അപ്പനായ, കീശിന്റെ കല്ലറയിൽ, ശൗലിന്റെയും യോനാഥാന്റെയും[11] കല്ലറകൾക്കിടയിൽ അടക്കുവാൻ ദാവീദ് കല്പിച്ചു.

മനോഹരമായ ഒരു കല്ലറക്കുപുറത്തേക്കു രംഗം മാറുന്നു. ഒരു പുരുഷാരം കരഞ്ഞുകൊണ്ടിരിക്കുന്നു. ദാവീദ് ഒറ്റക്കു നില്ക്കുന്നു. അവൻ നിശബ്ദനും, തലകുനിച്ച്, ഗഹനമായ ചിന്തയിലുമാണ്. ആകാശം ഇരുളുകയും, മേഘം ഒന്നിക്കുകയും, മഴ പെയ്യുവാൻ തുടങ്ങുകയും ചെയ്തു. മിക്ക ആളുകളും ചിതറിപ്പോയി. ക്യാമറ നീങ്ങുമ്പോൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയ ദാവീദിന്റെ മുഖം ക്ലോസ്-അപ്പിൽ കാണാം.

ദാവീദിന്റെ മുഖം സ്ക്രീനിൽ നിന്നും മറയുന്നു, രണ്ടുവിവരണക്കാരെയും വിവരണം രേഖപ്പെടുത്തുന്ന ബോർഡിനു മുന്നിലായി കാണുന്നു. ആ സ്ക്രീനിന്റെ അടിയിലുള്ള വാക്കുകളിൽ ഒന്നു ഇമാക്രിറ്റിക് എന്നു കാണാം - ഒരു പൊക്കമുള്ള, കനം കുറഞ്ഞ, കഷണ്ടിയുള്ള സ്ഥിരമായി വിളറിയ മുഖത്തോടുകൂടിയ ഒരാളെ കാണാം. മറ്റൊന്ന് ഉറാ ക്രിറ്റിക് - ഒരു പൊക്കം കുറഞ്ഞ, വണ്ണമുള്ള സന്തോഷവാനായ മനുഷ്യനെയും കാണാം.

ഇമാ ദേഷ്യപ്പെട്ട്, "ദാവീദിനെ സംബന്ധിച്ച് എനിക്കു അറപ്പും ദേഷ്യവും തോന്നിപ്പിക്കുന്ന ഒരു കാര്യം അതാണ്! ആളുകൾ തങ്ങൾ വലിയവരാണ് എന്നപോലെ പെരുമാറുന്നു, ഇതാ ഇവിടെ ഒരുവൻ നിരപരാധികളായ മനുഷ്യരെ കൊല്ലുന്നതിന് സമ്മതിക്കുന്നു! അത് വലിയ ഒരു വീഴ്ച ആണ്!"

ഉറ അസന്തുഷ്ടിയോടെ പറയുന്നു, "ഞാനും ദാവീദിന്റെ ആ തീരുമാനത്തിൽ തൃപ്തനല്ല, എന്നാൽ നാം ഒരുപക്ഷെ അത്ര ധൃതി പിടിച്ച് ഒരു

തീരുമാനത്തിലെത്തരുത്. അവൻ ചെയ്തത് ആ സമയത്ത് യഹോവയെ പ്രസാദിപ്പിക്കുന്നതാണ്, അതുകൊണ്ട് ഒരുപക്ഷെ ഇതിൽ നാം അറിയാത്ത ചില വസ്തുതകൾ അടങ്ങി ഇരിപ്പുണ്ടാകാം. ചിലപ്പോൾ അതുകൊണ്ടാകാം ശൗലിന്റെ ഗൃഹത്തെ യഹോവ തള്ളിക്കളഞ്ഞത്. ഒരുപക്ഷെ മരിച്ച ആളുകൾ നിരപരാധികൾ ആയിരിക്കയില്ല. യഹോവ പറഞ്ഞത് ഓർമ്മിക്കുക, 'ശൗൽ നിമിത്തവും *രക്തപാതകമുള്ള അവന്റെ ഗൃഹം* നിമിത്തവും'" (21:1).[12]

ഇമ ദേഷ്യം പ്രകടിപ്പിച്ചു. "വെറും ഊഹാപോഹം!"

ഉറ തന്റെ താടി അനക്കി. "ഒരു പക്ഷെ അങ്ങനെ ആകാം, എന്നാൽ സംശയത്തിന്റെ ഗുണം ഞാൻ ദാവീദിനു വിട്ടുകൊടുക്കുന്നു. തള്ളവിരൽ ഉയർത്തുക."

സ്കോർരേഖപ്പെടുത്തുന്ന ബോർഡിൽ ഒരെണ്ണത്തിൽ തള്ളവിരൽ ഉയർത്തി അംഗീകരിച്ചതായും മറ്റൊന്നിൽ തള്ളവിരൽ താഴ്ത്തി അംഗീകരിക്കാത്തതായും രേഖപ്പെടുത്തിയിരിക്കുന്നു.

**പടയാളി (2 ശമു. 21:15-22;**
**1 ദിന. 20:4-8)[13]**

വിവരണക്കാരൻ സ്ക്രീനിൽ പ്രത്യക്ഷനാകുന്നു. "ദാവീദ് ഒരു സൈനിക വിദഗ്ദ്ധൻ ആയിരുന്നു. അവൻ നൂറുമൈലുകൾക്കപ്പുറത്ത് ചാരുകസേരയിൽ ഇരുന്ന് കല്പിക്കുന്നവൻ ആയിരുന്നില്ല. അവൻ തന്റെ സംഘത്തോടുകൂടെ അവിടെ ഉണ്ടായിരുന്നു! യിസ്രായേലിന്റെ നിരന്തരമായ ശത്രുവായിരുന്ന, ഫെലിസ്ത്യരുമായിട്ടുള്ള ദാവീദിന്റെ ഓർമ്മിക്കത്തക്ക യുദ്ധങ്ങളിൽ നിന്ന് ഒരു രംഗം ഇതാ ... അതിൽ ഗാത്തിൽ നിന്നുള്ള മല്ലന്മാരെയും കാണാം." ചെറിയ വിവരണങ്ങൾ സ്ക്രീനിൽ തെളിയുന്നു: "നിങ്ങൾ ഇനി കാണുന്ന രംഗങ്ങളിൽ അക്രമത്തിന്റെയും മരണത്തിന്റെയും കാഴ്ച്ചകൾ ചിത്രീകരിച്ചിരിക്കുന്നു. കാഴ്ച്ചകാരന്റെ സ്വന്തം അഭിപ്രായം ചോദിക്കുന്നു."

ഒരു യുദ്ധത്തിന്റെ പ്രധാന രംഗത്തിലേക്കാണ് നാം പായുന്നത്. ആദ്യം, വിയർപ്പുള്ള ശരീരങ്ങളുടെയും, ഇരമ്പുന്ന ആയുധങ്ങളുടെയും, രക്തക്കളത്തിൽ വീണ ശരീരങ്ങളുടെയും എല്ലാം കൂടികലർന്ന ഒരു കാഴ്ച്ച കാണാം – അതിനോടൊപ്പം ഉച്ചത്തിലുള്ള വിളികളുടെയും, വാക്കുതർക്കങ്ങളുടെയും, അലർച്ചയുടെയും ശബ്ദങ്ങൾ സമ്മിശ്രമായി കേൾക്കാം. ക്രമേണ, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ആരാണെന്നു നമുക്കു മനസ്സിലാകുന്നു: ദാവീദും അവന്റെ ആളുകളും ഫെലിസ്ത്യരോടു യുദ്ധം ചെയ്യുന്നു. ഫെലിസ്ത്യർക്കിടയിൽ മല്ലന്മാരുണ്ട്; അവർ യിസ്രായേല്യരുടെ മേൽ ഭയമുണ്ടാക്കുന്നു. ദാവീദും അവന്റെ ആളുകളും വന്യമനുഷ്യരെ പോലെ യുദ്ധം ചെയ്യുന്നു.

യുദ്ധം പുരോഗമിക്കുമ്പോൾ, ദാവീദ് ക്രമേണ ക്ഷീണിതൻ ആകുന്നതായി കാണാം. അവന്റെ കണ്ണിനുമൂടൽ ഏറ്റിരിക്കുന്നു, അവന് വാൾ പൊക്കുന്നതിന് പോലും സാധിക്കുന്നില്ല. ഒരു മല്ലൻ ദാവീദിന്റെ ഭാഗത്തേക്ക് നോക്കി, അവന്റെ അവസ്ഥ കണ്ടപ്പോൾ, അവന്റെ അടുത്തേക്കു, തന്റെ ഭയങ്കരമായ വാൾ ചുഴറ്റിക്കൊണ്ട് പാഞ്ഞുവന്നു. അവസാന നിമിഷം ദാവീദിന്റെ പടയാളികളിൽ ഒരാൾ രാജാവിനെ രക്ഷിക്കുവാൻ രാജാവിനും ആ മല്ലനും ഇടയിലേക്കു വന്നു, തന്റെ വാൾ ശത്രുവിന്റെ വയറ്റിലേക്കു ആഴത്തിൽ കുത്തിയിറക്കുന്നു. ആ മല്ലൻ താഴെ വീഴുമ്പോൾ, നാം ദീർഘ ശ്വാസം വിടുന്നു.[14]

ക്യാമറയും വിവരണക്കാരും തിരിച്ചു സ്റ്റുഡിയോയിലേക്കു മടങ്ങുന്നു. ഉറ ഇമയെ ദേഷ്യത്തോടെ തുറിച്ചു നോക്കി. "നിങ്ങൾ അതിനെ കുറിച്ച് എന്തു വിചാരിക്കുന്നു?"

ഇമ അവ്യക്തമായി മന്ത്രിച്ചു, "എന്നെ സംബന്ധിച്ചു അതു വലിയ അക്രമമായിരുന്നു, എന്നാൽ അത് ദേശത്തിന്റെ സമാധാനത്തിന് ആവശ്യമായിരുന്നു എന്നു ഞാൻ കരുതുന്നു. ഞാൻ കരുതുന്നത് അത് ഒരു വിജയം ആയിരിക്കും എന്നാണ്."

സ്കോർബോർഡിൽ വിജയത്തിന്റെ രണ്ടു ഉയർത്തിയ തള്ള വിരലുകൾ കൂടി ചേർത്തു.

**ഗായകൻ (2 ശമു. 22:1-51)**[15]

രാജാവിന്റെ സിംഹാസന മുറിയിലേക്ക് രംഗം മാറുന്നു. ദാവീദ്, രാജകീയ വസ്ത്രം ധരിച്ച്, കയ്യിൽ കിന്നരം പിടിച്ചുകൊണ്ട്, സിംഹാസനത്തിലിരിക്കുന്നു. വിവരണക്കാരൻ സംസാരിക്കുന്നു: "ദാവീദിന്റെ ഗാനങ്ങളാണ് അവന്റെ ജീവിതത്തിൽ മറ്റെന്തിനേക്കാളും നമ്മെ ഏറ്റവും അധികം സ്വാധീനിച്ചിരിക്കുന്നത്. നമ്മെപ്പോലെ, ദാവീദിന് ഉയർച്ചയുള്ള സമയവും നിരാശാസമയവും ഉണ്ടായിരുന്നു. നമ്മിൽനിന്നു വ്യത്യസ്തമായി, ആ വികാരങ്ങളെ ആട്ടിൻ തോലിൽ എഴുതി പ്രകടിപ്പിക്കുവാനും അവ യഹോവയിൽ അർപ്പിക്കുവാനും ഉള്ള ഒരു വരം അവനുണ്ടായിരുന്നു. ദാവീദ് വിജയത്തിൽ നിന്ന് ഉന്മേഷം പ്രാപിച്ച്, യഹോവയെ സ്തുതിക്കുമ്പോൾ, നമുക്ക് കേൾക്കാം."

അവന്റെ കണ്ണുകൾ അടച്ചു, ദാവീദ് വ്യക്തമായ ശബ്ദത്തോടെ പാടുവാൻ തുടങ്ങി.

> യഹോവ എന്റെ ശൈലവും എൻകോട്ടയും
> എന്റെ രക്ഷകനും ആകുന്നു;
> എന്റെ പാറയായ, ദൈവം, അവനിൽ ഞാൻ ആശ്രയിക്കും;
> എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും, എന്റെ ഗോപുരവും എന്റെ
> സങ്കേതവും തന്നേ; ...
> സ്തുത്യനായ യഹോവയെ, ഞാൻ വിളിച്ചപേക്ഷിക്കും;
> എന്റെ ശത്രുക്കളിൽനിന്നു താൻ എന്നെ രക്ഷിക്കും (22:2-4)

ക്യാമറ ദാവീദിനെ വലുതായി കാണിക്കുന്നു. ഒരു നിമിഷത്തേക്ക്, അവന്റെ മുഖം കഠിനപ്പെടുന്നു.

> ഞാൻ എന്റെ ശത്രുക്കളെ പിന്തുടർന്നൊടുക്കി,
> അവരെ മുടിക്കുവോളം ഞാൻ
> പിന്തിരിഞ്ഞില്ല.
>
> ... ജാതികൾക്കു എന്നെ തലവനാക്കിയിരി
> ക്കുന്നു;
> ഞാൻ അറിയാത്ത ജനം എന്നെ സേവിക്കുന്നു
> (22:38, 44).

ഗാനം അവസാനിക്കുമ്പോൾ അവന്റെ മുഖം ശാന്തമാകുന്നു:

> അതുകൊണ്ടു, യഹോവേ, ഞാൻ ജാതികളുടെ
> മദ്ധ്യേ നിനക്കു സ്തോത്രം ചെയ്യും,
> നിന്റെ നാമത്തെ ഞാൻ കീർത്തിക്കും.
> അവൻ തന്റെ രാജാവിന്നു മഹാരക്ഷ നല്കുന്നു,
> തന്റെ അഭിഷിക്തന്നു ദയ കാണിക്കുന്നു,
> ദാവീദിന്നും അവന്റെ സന്തതിക്കും എന്നെന്നേക്കും തന്നേ
> (22:50, 51).

സ്ക്രീൻ വിവരണക്കാരുടെ നേർക്കു തിരിയുമ്പോൾ, ഉറാ ആദ്യം സംസാരിക്കുന്നു: "അവന്റെ സൈനിക വിജയത്തിനുശേഷവും, എന്നാൽ ബത്ത്ശേബയുമായുള്ള[16] അവന്റെ പാപത്തിനു മുൻപുമാണ് ആ രംഗം എന്നു ഞാൻ പറയട്ടെ. യഹോവ അവനോടു ഉടമ്പടി ചെയ്തതിനുശേഷവും ആയിരിക്കാം ഇത് എഴുതപ്പെട്ടത് (2 ശമുവേൽ 7). ഗാനം എപ്പോൾ എഴുതപ്പെട്ടിരുന്നാലും, അതു എന്നെ സ്പർശിക്കയുണ്ടായി!"

ഇമ പറയുന്നു, "അവന്റെ ശത്രുക്കളുടെ വീഴ്ച്ചയിന്മേൽ അവന് ഉള്ള ഗൂഢമായ സന്തോഷം എന്നെ ഒരു വിധത്തിലും ബാധിക്കുന്നതല്ല."

"എന്നാൽ അപ്പോഴും അത് വളരെ മഹത്തായ ഒരു സങ്കീർത്തനം തന്നെയാണ്!"

"ശരി ... അത് വളരെ നല്ല സങ്കീർത്തനമായിരുന്നു ... മനസ്സിൽ വൈമനസ്യത്തോടെ കൈ - ഉയർത്തി."

രണ്ടു തള്ള വിരലുകൾ ഉയർത്തി തന്റെ വിജയം ബോർഡിൽ രേഖപ്പെടുത്തുമ്പോൾ ഉറാ പുഞ്ചിരിച്ചു.

**വിവേകമുള്ളവൻ (2 ശമു. 23:8-39)[17]**

ദമസ്കസിലെ ചെരുപ്പുകൾ വില്ക്കുന്ന ധാരാളം പല്ലുകളുള്ള ഒരു പുരുഷൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു. ഒരു പാനീയം കുടിച്ച ശേഷം നാം മടങ്ങിവരുമ്പോൾ, വിവരണക്കാരൻ പറയുന്നു, "നാം ഇപ്പോൾ ദാവീദിന്റെ അവസാന പത്തുവർഷത്തെ വാഴ്ച്ചയിലേക്കാണ് നീങ്ങുവാൻ പോകുന്നത്." രംഗം വീണ്ടും സിംഹാസന മുറിയിലേക്കു മാറുന്നു. ദാവീദിന്റെ പ്രസിദ്ധമായ ചുമന്ന മുടി നരച്ചുതുടങ്ങിയിരിക്കുന്നു. രാജാവിന്റെ മദ്ധ്യഭാഗത്തായി രാജകീയ വസ്ത്രം ഏതാണ്ട് മുറുകിയിരിക്കുന്നു. വിവരണക്കാരൻ തുടരുന്നു: "തന്റെ അവസാന ദിവസങ്ങളിൽ ദാവീദ് ചെയ്ത ഒരു കാര്യം പ്രത്യേക വ്യക്തികൾക്ക് തന്റെ അഭിനന്ദനം അറിയിക്കുക എന്നതായിരുന്നു. അങ്ങനെ ആദരിക്കപ്പെട്ടവർക്കിടയിൽ അവൻ ശൗലിൽ നിന്ന് അഭയാർത്ഥി ആയി പോയപ്പോൾ അവനോടു ചേർന്നവരും ഉൾപ്പെട്ടിരുന്നു."

സ്ഥലം ഇപ്പോൾ ദാവീദിന്റെ സിംഹാസന മുറിയിൽ നിന്ന് അല്പം മാറുന്നു. ദാവീദ് തനിക്കു എഴുതുവാൻ ആട്ടിൻ തോലും, പേനയും, മഷിയും കൊണ്ടുതരുന്ന, തന്റെ രാജകീയ സെക്രട്ടറിയെ വിളിക്കുന്നു. തന്റെ മൂന്നു വീരന്മാരുടെ പേരുകളോടെ, ദാവീദ് ആദരിക്കേണ്ടവരുടെ പേരുകൾ വിളിച്ചു തുടങ്ങുന്നു: ദോദോയിയുടെ മകൻ, എലെയാസാറും, ആഗേയുടെ മകൻ, ശമ്മായും, വലിയ വിജയങ്ങൾ കൊണ്ടുവന്നവരായിരുന്നു കാരണം അവർ

പിൻവാങ്ങിപോയിരുന്നില്ല, കൂടാതെ ഒറ്റത്തവണ[18] എണ്ണൂറുപേരെ കൊന്ന, യോശേബ്-ബശ്ശേബെത്ത്.

ദാവീദ് അല്പം നിർത്തിയിട്ട് ശാസ്ത്രിമാരോട് ആവശ്യപ്പെടുന്നു, "തീർച്ചയായും എഴുതുക, '*യഹോവ* വലിയ ഒരു വിജയം നല്കി'" (23:12; എംഫസിസ് മൈൻ).

ബേത്ലേഹെമിൽ നിന്നു തനിക്കു വെള്ളം കൊണ്ടുവന്ന മൂന്നു വീരന്മാരുടെ കഥ ദാവീദ് വിവരിക്കുന്നു. അവരുടെ ധൈര്യത്തെയും ഭക്തിയെയും കുറിച്ചു അവൻ ഓർക്കുമ്പോൾ അവന്റെ കണ്ണുകൾ നനയുന്നു.

ദാവീദ് പിന്നീട് അടുത്ത മുപ്പതുപുരുഷന്മാരുടെ പേരുകൾ പറയുവാൻ തുടങ്ങുന്നു. ആദ്യത്തേത് അബീശായിയാണ്, അവൻ യോവാബിന്റെ സഹോദരനാണ്, അവൻ മുപ്പതുപേരുടെയും അധിപനായിരുന്നു. അടുത്തത് ബെനായാവു, അവൻ ദാവീദിന്റെ പ്രത്യേക കാവൽക്കാരുടെ അധിപനായി തീർന്നിരുന്നു. ശേഷിച്ചവരുടെ പേരുകൾ ദാവീദ് പറയുമ്പോഴും, ഓരോ പേർ വിളിക്കുമ്പോഴും, ദാവീദ് തന്റെ ഭൂതകാലം അല്പം നിർത്തി ഓർമ്മിക്കുന്നു: "അസാഹേൽ, യോവാബിന്റെ[19] സഹോദരൻ ... എൽഹാനാൻ ... ശമ്മാ ... എലീക്കാ ..." അല്പം കഴിഞ്ഞു ദാവീദ് തന്റെ ലിസ്റ്റിന്റെ അവസാനമെത്തുന്നു. ദാവീദ് അവസാനമുള്ള പേർ പറയുന്നു: "ഹിത്യനായ[20] ഊരീയാവ്." ക്യാമറ വേദന നിറഞ്ഞ, ദാവീദിന്റെ മുഖത്തേക്കു ഒരുനിമിഷം തിരിക്കുന്നു. രംഗം മങ്ങുന്നു.

സ്റ്റുഡിയോയിൽ, ഇമാ പിറുപിറുക്കുന്നു. "അതിക്രമത്തിന് അതിരുകവിഞ്ഞ മുഖസ്തുതി!"

ഉറാ നിർബ്ബന്ധിക്കുന്നു, "എന്നാൽ അതാവശ്യമായിരുന്നു. ദാവീദ് തന്റെ പുരുഷന്മാരെ അഭിനന്ദിക്കുന്നു എന്നതാണ് മുഖ്യമായ കാര്യം! അത് ജ്ഞാനത്തെയും സ്വഭാവഗുണത്തെയും കാണിക്കുന്നു."

മനസ്സില്ലാമനസ്സോടെ ഇമാ സമ്മതിക്കുന്നു. "അങ്ങനെയാകാമെന്നു ഞാൻ കരുതുന്നു."

"അങ്ങനെ വീണ്ടും രണ്ടു വിജയത്തിന്റെ ഉയർത്തിയ തള്ള വിരലുകൾ?"

ഇമാ കഷ്ടിച്ച് തലകുലുക്കി കേൾക്കുന്നു.

വിരലുകൾ ഉയർത്തി രണ്ടു വിജയം ബോർഡിൽ രേഖപ്പെടുത്തി.

**പാപിയായവൻ (2 ശമു. 24:1-25; 1 ദിന. 21:1-22:1; 27:23, 24)[21]**

വിവരണക്കാരൻ വീണ്ടും രംഗത്തു പ്രത്യക്ഷപ്പെടുന്നു: "ദാവീദിന്റെ അവസാനദിവസങ്ങൾ വിജയവും ദുഃഖവും ഇടകലർന്നതായിരുന്നു. രാജാവിന്റെ മോശമായ ബഹുമതിയുടെ കണക്കിനാൽ പരിചയപ്പെടുത്തുന്ന കാലയളവ് ആർക്കും മറക്കുവാൻ കഴിയുകയില്ല."

നാം വീണ്ടും സിംഹാസനമുറിയാണ് കാണുന്നത്. ഒരു ഭീകരനായ വൃദ്ധൻ[22] രാജാവിന്റെ മുൻപിൽ നില്ക്കുന്നു, സൈനികവേഷത്തിലുള്ള മറ്റുള്ളവരും വന്നിട്ടുണ്ട്. ദാവീദിന്റെ മുടി മിക്കവാറും വെളുത്തുകഴിഞ്ഞിരിക്കുന്നു. അവൻ സംസാരിക്കുമ്പോൾ, എന്തുതന്നെയായാലും, ഇപ്പോഴും അവന്റെ സ്വരം ശക്തവും പ്രകമ്പനം കൊള്ളിക്കുന്നതുമാണ്: "ദാൻ മുതൽ ബേർ-ശേബ വരെ ... യിസ്രായേൽ ഗോത്രങ്ങളിൽ ഒക്കെയും, നിങ്ങൾ സഞ്ചരിച്ചു ജനത്തെ എണ്ണി, ജനസംഖ്യ എന്നെ അറിയിപ്പിൻ, എന്നു കല്പിച്ചു [യുദ്ധത്തിനു പ്രായമായവരെ (നോക്കുക 2 ശമുവേൽ 24:9)]" (2 ശമുവേൽ 24:2).

രംഗം മാറുന്നു. ഒരു ചുരുളിൽ നിന്നും ഉറക്കെ വായിച്ചുകൊണ്ടു, ദാവീദ്

തന്റെ കിടക്കക്കരികിൽ ഇരിക്കുന്നു. "ഹ്ഹാ. യിസ്രായേലിൽ വാൾ പിടിപ്പാൻ ധൈര്യമുള്ള 800,000 പേരും, യെഹൂദയിൽ, 500,000 പേരും ഉണ്ട്.[23] അവൻ വിളക്കണച്ചു തന്റെ കിടക്കയിലേക്കു ചരിഞ്ഞു. അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. അവസാനം, അവൻ മന്ത്രിക്കുന്നു, "ഞാൻ ഈ ചെയ്തതു മഹാപാപം ... ഞാൻ വലിയ ഭോഷത്വം ചെയ്തുപോയി" (24:10).[24]

അതു അടുത്ത ദിവസം പ്രഭാതമായിരുന്നു. ഒരു പുരുഷൻ തന്റെ കിടപ്പുമുറിയിലേക്കു പ്രവേശിക്കുമ്പോൾ ദാവീദ് തന്റെ കിടക്കക്കരികിൽ ഇരിക്കുന്നു. ദാവീദ് അവനെ കണ്ടിട്ടു അതിശയിച്ചില്ല. ആ പുരുഷൻ പറയുന്നു:

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "മൂന്നു സംവത്സരത്തെ ക്ഷാമമോ,[25] നിന്റെ ശത്രുക്കളുടെ വാൾ നിന്നെ തുടർന്നെത്തി, നീ മൂന്നു മാസം നിന്റെ ശത്രുക്കളാൽ നശിക്കയോ, ദേശത്തു മൂന്നു ദിവസം യഹോവയുടെ വാളായ മഹാമാരി ഉണ്ടായി, യിസ്രായേൽ ദേശത്തൊക്കെയും യഹോവയുടെ ദൂതൻ സംഹാരം ചെയ്കയോ, ഇവയിൽ ഒന്നു തിരഞ്ഞെടുത്തുകൊൾക" (1 ദിനവൃത്താന്തം 21:11, 12).

ദാവീദ് മുറിയിൽ മന്ദം നടക്കുന്നു, അവനെ കലങ്ങി മറിഞ്ഞവനായി കാണാം. ഒടുവിൽ അവൻ സംസാരിക്കുന്നു: "നാം യെഹോവയുടെ കയ്യിൽ തന്നേ വീഴുക അവന്റെ കരുണ വലിയതല്ലൊ, മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ" (24:14).

വാക്കുകൾ സ്ക്രീനിൽ തെളിയുന്നു: "താഴെ കാണുന്ന രംഗങ്ങളെ കുറിച്ചു പിതാക്കന്മാർക്കുള്ള അഭിപ്രായം ചോദിക്കുന്നു." നമുക്കു ഇനി ഒരു ചെറിയ ഗ്രാമത്തിലെ മുഖ്യ തെരുവിലേക്കു പോകാം. പുരുഷന്മാർ ധൃതിയിൽ നടന്നു നീങ്ങുന്നു. കടന്നു പോകുന്നവരെ കടക്കാർ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾ വില്പനക്കുവെച്ചിരിക്കുന്ന സാധനങ്ങൾ നോക്കുവാൻ കടകൾ സന്ദർശിക്കുന്നു. കുട്ടികൾ അമ്മമാരുടെ കാൽക്കീഴിൽ കളിച്ചുകൊണ്ടിരിക്കുന്നു.

പെട്ടെന്ന്, തിളച്ചുമറിയുന്ന, കറുപ്പുകലർന്ന പച്ച നിറമുള്ള മേഘം ആകാശത്തിൽ പ്രത്യക്ഷമാകുന്നു. ആളുകൾ മുകളിലേക്കു നോക്കുമ്പോൾ, അവരുടെ മുഖത്തുഭയം നിഴലിടുന്നു. മേഘം ടൗണിനെ മൂടിയപ്പോൾ, പുരുഷന്മാർ വിറെച്ചു വീഴുവാൻ തുടങ്ങി: ഒരു കടക്കാരനും, തന്റെ കുടുംബത്തോടൊപ്പം നടക്കുകയായിരുന്ന ഒരാളും, വീഥിയിലൂടെ ധൃതിയിൽ പോകുകയായിരുന്ന ഒരാളും താഴെ വീണു. സ്ത്രീ കൾ വീണുകിടക്കുന്നവരുടെ അടുത്തേക്കു ഓടിയെത്തി, അവർക്കരികിൽ മുട്ടുകുത്തി, അവരുടെ തല പതുക്കെ കൈകളാൽ ഉയർത്തുവാൻ സഹായിക്കുന്നു. വീണു കിടക്കുന്ന ഒരു പുരുഷന്റെ മുഖത്തേക്കു ക്യാമറ തിരിക്കുന്നു. അയാളുടെ മുഖത്തു ഭീകരഭാവം ദൃശ്യമായിരുന്നു. കരച്ചിലും മുറവിളിയും ആ വീഥിയിൽ മുഴങ്ങി കേൾക്കാമായിരുന്നു.

നാം മറ്റൊരു ഗ്രാമത്തിലേക്ക് നീങ്ങുമ്പോൾ ഇതേ രംഗങ്ങൾ തന്നെ വീണ്ടും കാണുന്നു ... പിന്നെ അടുത്ത ഗ്രാമത്തിലേക്ക് ... പിന്നെയും അടുത്തതിലേക്ക്. നാം വിറച്ചുകൊണ്ട് നമ്മുടെ കണ്ണുകളെ അടയ്ക്കുന്നു. നമ്മുടെ കണ്ണുകൾ ഈറനണിയുന്നതിൽ നാം അതിശയിച്ചുപോകുന്നു. അറിയിപ്പുകാരൻ പറയുന്നതു നമുക്കു കേൾക്കാം, "ഉത്തര പാലസ്തീനിൽ ബാധ തുടങ്ങു

കയും അത് തെക്കോട്ടു വളരെ വേഗം വ്യാപിക്കുകയും ചെയ്യുന്നു." നാം വീണ്ടും സ്ക്രീനിൽ നോക്കുന്നു. ബാധ നീങ്ങുന്നതായി ഒരു ഭൂപടം നമ്മെ കാണിക്കുന്നു. അറിയിപ്പുകാരൻ തുടരുന്നു: "അധികം വൈകാതെ മരണം തലസ്ഥാനത്തെത്തും." യെരുശലേമിലേക്ക് ഒരു ചൂണ്ടുപലക കാണിച്ചിരിക്കുന്നു. നമുക്ക് ഇനി തലസ്ഥാന നഗരത്തിലേക്കു നീങ്ങാം.

ചണവസ്ത്രം ധരിച്ചിരിക്കുന്ന, ദാവീദും പ്രായമായ അസംഖ്യം പേരും, തലയിൽ വെണ്ണീരുമായി, നിയമപെട്ടകം വെച്ചിരിക്കുന്ന കൂടാരത്തിനു മുന്നിൽ മുട്ടുകുത്തി നില്ക്കുന്നു. ഒരു ദൂതൻ അവിടേക്ക് ഓടി വന്നു രാജാവിനോടു പറയുന്നു, "മേഘം മിക്കവാറും ഇവിടെയെത്തി!" ദാവീദ് വടക്കോട്ടു നോക്കുന്നു. അവന്റെ കണ്ണ് വിശാലമായി തുറന്നിരിക്കുന്നു. ഭംഗിയില്ലാത്ത, പച്ചകലർന്ന മേഘം വടക്കേ ആകാശത്ത് നിറഞ്ഞിരിക്കുന്നു. കറങ്ങിക്കൊണ്ടിരിക്കുന്ന മൂടൽ മഞ്ഞിനുള്ളിൽ ഒരു രൂപം ഉടലെടുക്കുന്നു: "യഹോവയുടെ ദൂതൻ വാൾ ഊരി യെരുശലേമിന്നു മീതെ നീട്ടിപ്പിടിച്ചും കൊണ്ടു, ഭൂമിക്കും ആകാശത്തിന്നും മദ്ധ്യേ നില്ക്കുന്നതു കണ്ടു" (1 ദിനവൃത്താന്തം 21:16)! ദാവീദ് സാഷ്ടാംഗം വീണ് കരഞ്ഞു, "ജനത്തെ എണ്ണുവാൻ പറഞ്ഞവൻ ഞാനല്ലയോ. ... യഹോവേ എന്റെ ദൈവമേ, നിന്റെ കൈ ബാധക്കായിട്ടു നിന്റെ ജനത്തിന്മേൽ അല്ല, എന്റെ മേലും എന്റെ പിതൃഭവനത്തിന്മേലും ഇരിക്കട്ടെ" (1 ദിനവൃത്താന്തം 21:17; എൽബി).

ദൈവത്തിന്റെ ദൂതനായി മുൻപ് വന്ന പുരുഷൻ പ്രത്യക്ഷപ്പെടുന്നു. "പോകുക," അവൻ പറയുന്നു, "നീ ചെന്നു യെബൂസ്യനായ അരവ്നയുടെ[26] കളത്തിൽ യഹോവെക്കു ഒരു യാഗപീഠം ഉണ്ടാക്കുക" (2 ശമുവേൽ 24:18).[27] സ്ക്രീനിൽ യെരുശലേമിന്റെ ചിത്രം തെളിയുന്നു, സ്ഥാനം ചൂണ്ടിക്കാണിക്കുന്ന അടയാളവും കാണാം. വിവരണക്കാരൻ വിവരിക്കുന്നു: "നഗരവാതിലുകളുടെ വടക്കുമാറിയാണ് കളം സ്ഥിതിചെയ്തിരുന്നത്. യെരുശലേമിന്റെ വിധി തുലാസിൽ തൂങ്ങിക്കിടക്കുന്നു. നിമിഷങ്ങൾക്കുള്ളിൽ പതിനായിരക്കണക്കിന് ആളുകളെ ഉന്മൂലനാശം ചെയ്തേക്കാം. രാജാവ് ആ സ്ഥലത്തേക്ക് ഓടി അടുക്കുന്നു."

മുകൾഭാഗം-നിരപ്പുള്ള ഒരു തിട്ടയിലേക്കു രംഗം മാറുന്നു, അവിടെ ഒരു വൃദ്ധൻ ശരീരം മുഴുവൻ പതിരും പൊടിയുമെല്ലാമായി, നാലു ബാല്യക്കാരുടെ സഹായത്തോടെ കോതമ്പു മെതിച്ചുകൊണ്ടിരിക്കുന്നു (1 ദിനവൃത്താന്തം 21:20). അയാൾ ആകാശത്തേക്കു നോക്കി അശുഭസൂചന കണ്ടു തന്റെ കാളകളെ കൂടുതൽ ജോലി ചെയ്യിക്കുവാൻ ശ്രമിക്കുന്നു.

ദാവീദും അവന്റെ ചണവസ്ത്ര-ധാരികളായ സംഘവും സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു. കോതമ്പു മെതിച്ചുകൊണ്ടിരുന്ന പുരുഷൻ രാജാവിന്റെ അടുക്കലേക്കു ഓടിച്ചെന്നു, സാംഷ്ടാംഗം വീണു, അവനോടു ചോദിക്കുന്നു, ''യജമാനനായ രാജാവു അടിയന്റെ അടുക്കൽ വരുന്നതെന്ത്?'' (2 ശമുവേൽ 24:21). ദാവീദ് മറുവടി നൽകുന്നു, "യഹോവെക്കു ഒരു യാഗപീഠം പണിയേണ്ടതിന്നു, ഈ കളം നിന്നോടു വിലെക്കു വാങ്ങുവാൻ തന്നേ ..."; "ബാധ ജനത്തെ വിട്ടുമാറേണ്ടതിന്നു, നീ അതു മുഴുവിലെക്കു എനിക്കു തരേണം" (2 ശമുവേൽ 24:21; 1 ദിനവൃത്താന്തം 21:22).

ആ പുരുഷൻ തലയുയർത്തി നോക്കിയപ്പോൾ, യഹോവയുടെ ദൂതൻ അവർക്കുമീതെ വാൾ ഊരിപ്പിടിച്ചു നില്ക്കുന്നതു കണ്ടു (1 ദിനവൃത്താന്തം 21:20). വിറെക്കുന്ന ശബ്ദത്തോടെ, അവൻ പറയുന്നു, "യജമാനനായ രാജാ

വിന്നു ബോധിച്ചതു എടുത്തു യാഗം കഴിച്ചാലും ... ഇതാ, രാജാവേ, ഇതൊക്കെയും അരവ്നാ രാജാവിന്നു തരുന്നു" (2 ശമുവേൽ 24:22, 23). നിഷേധഭാവത്തിൽ ദാവീദ് തലയാട്ടി. "അങ്ങനെയല്ല, ഞാൻ അതു നിന്നോടു വിലെക്കേ വാങ്ങുകയുള്ളൂ, എനിക്കു ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവെക്കു ഹോമയാഗം കഴിക്കയില്ല" (2 ശമുവേൽ 24:24). ഒരു കച്ചവടം ഉറപ്പിക്കുന്നു. പണം കൈമാറുന്നു.[28]

രംഗം മാറുന്നു. ചെളിയും കല്ലും കൊണ്ടുണ്ടാക്കിയ ഒരു യാഗപീഠത്തിനുമുൻപിൽ ദാവീദു മുട്ടുകുത്തുന്നു. യാഗപീഠത്തിനുമുകളിൽ, ജ്വാലകൾക്കുമദ്ധ്യേ, കാളയുടെ മാംസം കത്തിക്കരിഞ്ഞിരിക്കുന്നു. പെട്ടെന്നു, ആകാശത്തുനിന്നു തീപാറി യാഗത്തെ[29] മൂടി. ദാവീദ് മുകളിലേക്കു നോക്കുന്നു. ദൂതൻ വാൾ തിരികെ ഉറയിലേക്കു ഇടുകയും (1 ദിനവൃത്താന്തം 21:27, 28) കാഴ്ച്ചക്കു മറയുകയും ചെയ്യുന്നു. മേഘങ്ങൾ ഇല്ലാതാകുകയും, സൂര്യപ്രകാശം തെളിയുകയും ചെയ്തു. വിവരണക്കാരന്റെ ശബ്ദം നാം കേൾക്കുന്നു: "അങ്ങനെ, ഒരു ഭയങ്കര ബാധ അവസാനിച്ചു - എന്നാൽ അതു 70,000 പേർ മരിക്കുന്നതിനു മുൻപായിരുന്നില്ല! അതു യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിപത്തായി നിലകൊള്ളുന്നു!"

ക്യാമറ സ്റ്റുഡിയോയിലേക്കു നമ്മെ തിരിച്ചു കൊണ്ടുപോകുന്നു. ഗൗരവക്കാരനായ ഉറാ സംസാരിക്കുന്നു. "ആത്മാർത്ഥമായും, ഈ സംഭവത്തിനു ധാരാളം കുഴപ്പിക്കുന്ന വസ്തുതകളുണ്ട്. ദാവീദ് എന്തുകൊണ്ടാണ് ഒരു കണക്കെടുപ്പു നടത്തിയത് എന്നതിലും അതെന്തുകൊണ്ട് പാപമായിതീർന്നു എന്നതിലും ന്യായപ്രമാണ അദ്ധ്യാപകർ പോലും യോജിക്കുന്നില്ല. ചിലർ വിചാരിക്കുന്നതു ദാവീദിന്റെ മനസിൽ നിർബന്ധ നികുതി ചെലുത്തണമെന്ന ചിന്തയോ ... അല്ലെങ്കിൽ നിർബന്ധ സൈനിക സേവനമോ ... അല്ലെങ്കിൽ തന്റെ കെട്ടിടനിർമ്മാണ പദ്ധതികൾക്കു[30] നിർബന്ധസേവനം ആവശ്യപ്പെട്ടതോ ആയിരിക്കാമെന്നാണ്."

ഇമാ പ്രയാസപ്പെട്ട് കോട്ടുവായിടുന്നു. "ആർക്കു ചേതം? ദാവീദ് വലിയ-തോതിൽ പാപം ചെയ്യുകയും, 70,000 പേർ മരിക്കുകയും ചെയ്തു!"

ഉറാ അമ്പരപ്പോടെ നോക്കുന്നു. "എന്നാൽ ദൈവം അവനോടു ക്ഷമിച്ചല്ലോ. പിന്നെ എന്തുകൊണ്ടു നിങ്ങൾക്കു ക്ഷമിച്ചുകൂടാ?"

ഇമാ കഠിനഹൃദയനായി കാണപ്പെടുന്നു. "ഏതാനും പശുക്കളെ കൊന്നതിന്റെ മറവിൽ നിങ്ങൾക്കു 70,000 പേരെ കൊല്ലുവാൻ കഴിയുകയില്ല. പരാജയം രേഖപ്പെടുത്തുവാൻ വിരലുകൾ താഴ്ത്തി!"

**അതിജീവിക്കുന്നവൻ (1 ദിനവൃ. 22:1-27:34)[31]**

ക്യാമറ വിവരണക്കാരനിലേക്കു തിരിയുന്നു. "ദാവീദ് അരവ്നയുടെ കളത്തിൽ സംഭവിച്ചതിനെ ദൈവകൃപയുടെ മനോഹരമായ ഒരു ദൃശ്യമായും - ദൈവഗൃഹത്തിനുള്ള ഉദ്ദേശത്തിന്റെ മുൻനിഴലായുമാണ് കണ്ടത്: ദൈവത്തോടു നിരന്നുകൊള്ളുവാനുള്ള സ്ഥലം. രാജാവിനോടു, ദൈവം സംസാരിച്ചു. ആ സ്ഥലത്തായിരുന്നു ദൈവാലയം പണിയേണ്ടിയിരുന്നത്."

സ്ക്രീൻ നമ്മെ അരവ്നയുടെ കളത്തിലേക്കു കൊണ്ടുപോകുന്നു. ദാവീദ് കാലൂന്നി നിന്നു വൈകാരികത നിറഞ്ഞ ശബ്ദത്തോടെ പറയുന്നു, "ഇതു ദൈവമായ യഹോവയുടെ ഗൃഹം." അവൻ യാഗം കഴിച്ച സ്ഥലം ചൂണ്ടിക്കാണിച്ചു. "ഇതു യിസ്രായേലിന്നു ഹോമയാഗം കഴിപ്പാനുള്ള യാഗപീഠം"

(1 ദിനവൃത്താന്തം 22:1).

രംഗങ്ങൾ തുടർന്നു നാം കാണുമ്പോൾ ദാവീദ് ധാരാളം സാധനങ്ങൾ ഭാവി ആവശ്യത്തിലേക്കു കരുതിയിരുന്നതായി കാണാം: ധാരാളം സ്വർണ്ണം, വെള്ളി, താമ്രം, ഇരുമ്പു എന്നിവയുണ്ട്; കേദാർ മരം "എണ്ണത്തിലും അപ്പുറം" ആയിരുന്നു; വലിയ കല്ലുകളും അതിൽ പെട്ടിരുന്നു. വിവരണക്കാരന്റെ ശബ്ദം പറയുന്നു, "നിയമപെട്ടകം വെക്കുവാൻ സ്ഥിരമായ ഒരു ഗൃഹം പണിയുവാൻ ദൈവം അവനെ അനുവദിച്ചില്ല എന്നതായിരുന്നു ദാവീദിന്റെ വലിയ നിരാശ കളിൽ ഒന്ന്. ആ സ്വപ്നം അപ്പോഴും ദാവീദിന്റെ മനസിൽ ജ്വലിച്ചുകൊണ്ടി രുന്നു. ഒരു മനോഹര മന്ദിരം പണിയുന്നതിന്റെ ഒരുക്കത്തിനായി ദാവീദ് തന്റെ അവസാന പത്തു വർഷക്കാലം നീക്കിവെച്ചു."

രംഗം സ്റ്റോർ റൂമിലേക്കു മാറുന്നു. വിലയേറിയ ലോഹങ്ങൾ കൂമ്പാര മായി കൂട്ടിയിരിക്കുന്നതിന്റെ മുൻപിൽ ദാവീദ് നില്ക്കുന്നു. അവനു പിന്നിൽ രാജകീയവസ്ത്രം ധരിച്ച ഒരു യുവാവു നില്ക്കുന്നു. ആ രണ്ടുപേർക്കും മുൻപിൽ നിരവധി പുരുഷന്മാരുണ്ട്. വിവരണക്കാരൻ തുടരുന്നു: "ദേശത്തെ പ്രമാണിമാരുമായും തന്റെ മകൻ ശലോമോനുമായും ആ സ്വപ്നം ദാവീദ് പങ്കുവെക്കുന്നു." ദാവീദ് തന്റെ കരം ആ യുവാവിന്റെ തോളിൽ ഇട്ടുകൊണ്ടു പറയുന്നു:

> മകനേ, ഞാൻ തന്നേ എന്റെ ദൈവമായ യഹോവയുടെ നാമത്തിന്നു ഒരു ആലയം പണിവാൻ താല്പര്യപ്പെട്ടിരുന്നു. എങ്കിലും, എനിക്കു യഹോ വയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ, "നീ വളരെ രക്തം ചിന്തി, വലിയ യുദ്ധങ്ങളും ചെയ്തിട്ടുണ്ട്; നീ എന്റെ നാമത്തിന്നു ഒരു ആലയം പണിയരുത്, ... എന്നാൽ, നിനക്കു ഒരു മകൻ ജനിക്കും, അവൻ വിശ്രമ പുരുഷനായിരിക്കും; ... അവന്റെ പേർ ശലോമോൻ എന്നായിരിക്കും [അല്ലെങ്കിൽ, സമാധാനമുള്ളവൻ], ... അവൻ എന്റെ നാമത്തിന്നു ഒരു ആലയം പണിയും, ..." (1 ദിനവൃത്താന്തം 22:7-10).

സിംഹാസനമുറിയിലേക്കു രംഗം മാറുന്നു. ദാവീദിന്റെ മുടിയുടെ കനം കുറഞ്ഞിരിക്കുന്നു; അവന്റെ താടി ചുരുങ്ങിയതായി കാണാം. ദാവീദിന്റെ സിംഹാസനത്തിനു വലത്തുഭാഗത്തായി, രണ്ടാമതൊരു സിംഹാസനം കാണാം. ദാവീദിന്റെ മുൻപിൽ ശലോമോൻ ഉണ്ട്. ധാരാളം പുരോഹിതർ ഉൾപ്പെടെ, വേറെ പലരും നില്പുണ്ട്. വിവരണക്കാരൻ പറയുന്നു, "ദാവീദിന് പ്രായമായപ്പോൾ, അവൻ ശലോമോനെ അടുത്ത രാജാവായി അഭിഷേകം ചെയ്തു."[32] രഹസ്യമായ ഒരു ആഘോഷത്തിൽ, ദാവീദ് ശലോമോനോടു മുട്ടു കുത്തുവാൻ ആജ്ഞാപിച്ചു. ഒരു പുരോഹിതൻ ആ യുവാവിന്റെ തലയിൽ എണ്ണ ഒഴിക്കുന്നു. ശലോമോൻ തന്റെ അപ്പന്റെ ഒരു വശത്ത് സിംഹാസന ത്തിൽ ഇരിക്കുന്നു.

വിവരണക്കാരൻ പറയുന്നു, "ഇപ്പോൾ മുതൽ, ശലോമോൻ ദൈവാലയ നിർമ്മാണത്തിന്റെ ഒരുക്കത്തിലും പദ്ധതി തയ്യാറെടുക്കുന്നതിലും, ദൈവാല യത്തിന്റെ കേടുപാടു തീർക്കുന്നതിലും അതിനെ നിലനിർത്തുന്നതിനും ആവശ്യമായ എല്ലാ സംഘടനകളിലും ഉൾപ്പെട്ടിരിക്കുന്നു." ദാവീദിനെയും ശലോമോനെയും സിംഹാസനത്തിലും പാറമടകളിലും, രേഖകൾ പരിശോ ധിച്ചു തോളോടുതോളുരുമ്മി കാര്യങ്ങൾ നടത്തുന്നതായി കാണിക്കുന്നു.

നാം സ്റ്റുഡിയോയിലേക്കു മടങ്ങുമ്പോൾ, ഇമാ ഉറായോടു പറയുന്നു: “എന്നോടു പറയല്ലേ! എന്നോടു പറയല്ലേ! ദൈവം ‘ഇല്ല’ എന്നു പറഞ്ഞതിനാൽ ദാവീദ് വിട്ടുകളയാതിരുന്നതുകൊണ്ട് അവനെ അനുമോദിക്കണം. ഞാൻ വിരലുകൾ-ഉയർത്തിത്തന്നെ പിടിക്കും. വ്യക്തിപരമായി, അവർ ദൈവാലയത്തിന്റെ പണി പൂർത്തിയാകുവാൻ പോകുന്നു എന്നു പറയുന്നതിന്റെ പകുതിയെങ്കിലും ആയി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു!”

**പിൻതുടർച്ച (1 രാജാക്കന്മാർ 1:1-53; 1 ദിനവൃ. 28:1-29:25)[33]**

ധാരാളം പല്ലുകളുള്ള മനുഷ്യൻ വീണ്ടും സ്ക്രീനിൽ തെളിയുന്നു. നാം മുറിക്കു പുറത്തു കടക്കുമ്പോൾ, അയാൾ പറയുന്നതു നമുക്കു കേൾക്കാം, “തിരഞ്ഞെടുക്കാവുന്ന കല്ലുകൾ ഇപ്പോഴും അരവ്നയുടെ കളത്തിന്റെ പരിസരത്തുണ്ട്. പെട്ടെന്നു പണിയേണ്ട ആലയത്തിന്റെ കാഴ്ച്ചപ്പാടോടെ ഒരു ഗൃഹം സ്വന്തമാക്കുവാനുള്ള അവസരമാണ് നിങ്ങൾക്കു ലഭിച്ചിരിക്കുന്നത്!”

നാം മടങ്ങുമ്പോൾ, വിവരണക്കാരൻ സംസാരിക്കുന്നു. അവൻ ഭയഭക്തിയോടെ പറയുന്നു, “നാം വന്നിരിക്കുന്നതു രാജാവിന്റെ അന്ത്യനാളുകളിലേക്കാണ്. അവന്റെ ആരോഗ്യം ക്ഷയിക്കുവാൻ തുടങ്ങിയെങ്കിലും, അവന്റെ വിശ്വാസം ശക്തമായിത്തന്നെയിരിക്കുന്നു.” ദാവീദിന്റെ ഒരു സങ്കീർത്തനഭാഗത്തിലെ വാക്കുകൾ സ്ക്രീനിൽ തെളിയുന്നു: “ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു; എങ്കിലും നീതിമാൻ തുണയില്ലാതിരിക്കുന്നതും, അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല’’ (സങ്കീർത്തനങ്ങൾ 37:25).

ഇനി നമുക്ക് രാജാവിന്റെ കിടപ്പുമുറിയിലേക്കു ചെല്ലാം. കിടക്കവിരിയെല്ലാം കൂട്ടിയിട്ടിരിക്കുന്നു, എന്നാൽ ദാവീദ്, പ്രായാധിക്യത്താൽ വിളറിയും ചുളുങ്ങിയും ഇരിക്കയും, അവന്റെ വിറയൽ മൂലം കിടക്ക ഇളകുകയും ചെയ്യുന്നു. വിവരണക്കാരൻ പറയുന്നു, “രാജാവിന്റെ അവസാനസമയം അടുത്തപ്പോൾ, അവൻ തണുപ്പുകൊണ്ടു ബലഹീനനും രോഗിയുമായി. രാജാവിന് പ്രത്യേക ശുശ്രൂഷ നൽകുന്നതിനും ചൂടു നല്കുവാനുമായി ശൂനേംകാരത്തി[34] സുന്ദരിയായ അബീശഗിനെ രാജാവിന്റെ അന്തപ്പുരത്തിലേക്കു[35] കൊണ്ടുവന്നിരിക്കുന്നു.”[36] സുന്ദരിയായ ഒരു പരിചാരികയെ കിടക്കക്കരികിലെ സേവനത്തിനായി കൊണ്ടുവന്നു. അവൾ രാജാവിനു ആഹാരം കൊടുക്കുവാൻ തുടങ്ങിയപ്പോൾ, വിവരണക്കാരൻ പറയുന്നു: “ദാവീദ് ഭരണകാര്യങ്ങൾ മിക്കവാറും ശലോമോന്നു കൈമാറിക്കഴിഞ്ഞു. സുന്ദരിയായ അബീശഗുമായുള്ള സന്തോഷകരമായ ബന്ധത്തിൽ അവനു തന്റെ അവസാനദിനങ്ങൾ സമാധാനമായി ചെലവഴിക്കാമെന്നു കരുതി. എന്നാൽ അതു അങ്ങനെ ആയില്ല.”

മുപ്പതുകളിലെത്തിയ, സുന്ദരനായ ഒരു മനുഷ്യനിലേക്കു രംഗം മാറുന്നു, അവൻ രാജവീഥിയിലൂടെ രഥത്തിൽ സഞ്ചരിക്കുന്നു. ഡസൻ കണക്കിനു ഉറച്ച ശരീരമുള്ള യുവാക്കൾ രഥത്തോടൊപ്പം വശത്തായി ഓടിക്കൊണ്ടിരിക്കുന്നു. “ദാവീദ് അധികനാൾ ഇനി ജീവിക്കയില്ല എന്നു സ്പഷ്ടമായപ്പോൾ, അവന്റെ പുത്രൻ അദോനീയാവു സിംഹാസനത്തിനായി ശ്രമിക്കുന്നു. ദാവീദ് അപ്പോഴേക്കും ശലോമോനെ തിരഞ്ഞെടുത്തുകഴിഞ്ഞിരുന്നു,[37] എന്നാൽ അതൊന്നും അദോനീയാവു കാര്യമാക്കിയില്ല. ജീവിച്ചിരിക്കുന്ന പുത്രന്മാരിൽ[38] അവൻ മൂത്തവൻ ആയതിനാൽ അവനെ രാജാവാക്കുമെന്നു[39] അവൻ വിചാരിച്ചു.”

അദോനീയാവു രണ്ടു പുരുഷന്മാരുമായി കൂടിയാലോചന നടത്തുന്നതായി കാണുന്നു. ഒരാൾ നാം മുൻപു കണ്ടതായ ഭീകരനായ ഒരു യോദ്ധാവായിരുന്നു. രണ്ടാമത്തെ ആൾ പൗരോഹിത്യവേഷത്തിലായിരുന്നു. വിവരണക്കാരൻ തുടരുന്നു: "അദോനീയാവിന് രാജ്യത്തു ഏറ്റവും അറിയപ്പെടുന്ന രണ്ടുപേരുടെ തുണ ഉണ്ടായിരുന്നു: സൈന്യാധിപനായ, യോവാബും, മഹാപുരോഹിതനായ,[40] അബ്യാഥാരും. ഇതാണ് യോജിച്ച സമയമെന്നു അദോനീയാവിന്നു തോന്നിയപ്പോൾ, അവൻ തന്റെ പിന്തുണക്കാർക്കു[41] കിദ്രോൻ താഴ്വരയിലെ ഏൻ-രോയേലിൽ[42] വെച്ചു വലിയൊരു വിരുന്ന് നൽകി."

ഒഴുക്കുള്ള അരുവിയുടെ സമീപമുള്ള പച്ചപ്പുള്ള താഴ്വരയിലേക്കു രംഗം മാറുന്നു. പശ്ചാത്തലത്തിൽ വലുതായി യെരുശലേം മതിലുകൾ കാണാം. ആഹാരം വിളമ്പിവെച്ചിരിക്കുന്ന നീണ്ട മേശകൾക്കു ചുറ്റും ആളുകൾ ഇരുന്നു ഭക്ഷിക്കുകയും പലതും പറഞ്ഞു ചിരിക്കുകയും ചെയ്യുന്നു. അദോനീയാവും പുരോഹിതവസ്ത്രമണിഞ്ഞ ഒരു മനുഷ്യനും ഉയർന്ന സ്ഥലത്തേക്കു കയറി പോകുന്നു. അദോനീയാവു കുനിയുകയും, പുരോഹിതൻ അവന്റെ തലയിൽ എണ്ണ ഒഴിക്കുകയും ചെയ്തു. ആളുകളെല്ലാം ആർത്തു വിളിച്ചു, "അദോനീയാവു രാജാവു ദീർഘായുസ്സോടെ ഇരിക്കട്ടെ!" (1 രാജാക്കന്മാർ 1:25).

സ്ക്രീനിലെ ചിത്രം രാജധാനിക്കുള്ളിലെ ഒരു മുറിയിലേക്കു നീങ്ങുന്നു. പരുപരുത്ത വസ്ത്രധാരിയായ ഒരു പുരുഷൻ നാല്പതു വയസു തോന്നിക്കുന്ന ഒരു സ്ത്രീയോടു സംസാരിക്കുന്നു. വിവരണ ക്കാരൻ പറയുന്നു, "സംഭവിക്കുന്നതു നാഥാൻ പ്രവാചകൻ കേട്ട പ്പോൾ, ശലോമോന്റെ അമ്മയായ, ബത്ത്ശേബയുടെ അടുക്കലേക്ക് അവൻ ഓടി. അവർ രണ്ടുപേരും ഒരുമിച്ചു, ദാവീദിന്റെ അടുക്കലെത്തി."

നാം ദാവീദിന്റെ കിടപ്പുമുറി കാണുന്നു. കിടക്കയിൽ കിടക്കുന്ന രാജാവിനെ, ചുരുളിൽനിന്നു അബീശഗ് വായിച്ചു കേൾപ്പിക്കുന്നു. ബത്ത്ശേബ മുറിയിലേക്കു ഓടിച്ചെന്നു, രാജാവിനെ കുനിഞ്ഞു നമസ്കരിച്ചിട്ട്, സംഭവിക്കുന്നതു[43] ആവേശത്തോടെ രാജാവിനെ ധരിപ്പിക്കുന്നു. നാഥാൻ അവളുടെ പുറകെ വന്നു ആ സംഭവത്തെ പിന്താങ്ങുന്നു. ദേഷ്യത്തോടെ, ദാവീദ് പറയുന്നു, "പുരോഹിതനായ സാദോക്കിനെയും, ... യഹോയാദയുടെ മകനായ ബെനായാവെയും വിളിപ്പിൻ" (1 രാജാക്കന്മാർ 1:32). രണ്ടുപേർകൂടെ വരുന്നു. ഉറച്ച ശബ്ദത്തോടെ, ദാവീദ് പറയുന്നു:

> നിങ്ങളുടെ യജമാനന്റെ ഭൃത്യന്മാരെ കൂട്ടിക്കൊണ്ടു, എന്റെ മകനായ ശലോമോനെ എന്റെ കോവർകഴുതപ്പുറത്തു കയറ്റി, താഴെ ഗീഹോനിലേക്കു കൊണ്ടുപോകുവിൻ. അവിടെ വെച്ചു സാദോക്ക് പുരോഹിതനും നാഥാൻ പ്രവാചകനും അവനെ യിസ്രായേലിന്നു രാജാവായിട്ടു അഭിഷേകം ചെയ്യേണം, പിന്നെ കാഹളം ഊതി ഘോഷിച്ചു പറവിൻ, "ശലോമോൻ രാജാവേ ജയ ജയ!" (1 രാജാക്കന്മാർ 1:33, 34)

പിന്നെ നാം കാണുന്നത് ശലോമോൻ ദാവീദിന്റെ കുതിരപ്പുറത്തു കയറി വീഥികളിലൂടെ വരുന്നതാണ്. രാജകീയ പാർട്ടി നഗരത്തിനു പുറത്തേക്കു പോകുന്നതു കാണുമ്പോൾ, ആവേശം ജനിക്കുന്നു. പെട്ടെന്നു നഗരത്തിലെ മുഴുവൻ ജനവും കിഴക്കുള്ള വാതില്ക്കലേക്കു ഒഴുകിയെത്തുന്നു.

നഗരമതിലുകൾക്കു പുറത്തു ഒരു ചരിവിനു മുകളിലായി ശലോമോൻ നില്ക്കുന്നു. അവൻ കുനിയുകയും, ആഴമുള്ള തൈലകുപ്പിയിൽനിന്നു തൈലം അവന്റെ തലയിൽ വീഴുകയും ചെയ്യുന്നു. കാഹളം ഊതുന്നു. ഉല്ലാസ ഘോഷം ഉയരുന്നു, “ശലോമോൻ രാജാവേ ജയ ജയ!” (1 രാജാക്കന്മാർ 1:39). ശബ്ദത്തിന്റെ കാഠിന്യം കൂടി വരുന്നു. ചിലർ വാദ്യമേളങ്ങളോടെ പാടി ചുറ്റും നൃത്തം ചെയ്യുന്നു; ചിലർ കാലുകൾകൊണ്ടു താളം ചവുട്ടുന്നു; എല്ലാവരും ആർത്തുഘോഷിക്കുകയാണ്.

വിവരണക്കാരൻ വീണ്ടും സ്ക്രീനിൽ തെളിയുന്നു. “ഉല്ലാസഘോഷം അത്യുച്ചത്തിലായിരുന്നതിനാൽ, അതു അരമൈൽ അകലെ അദോനീയാവിന്റെ വിരുന്നു നടക്കുന്ന സ്ഥലംവരെ കേൾക്കാമെന്നായി. അവനെ പിന്താങ്ങിയവർ ആർത്തിയും വിശപ്പും നഷ്ടപ്പെട്ട് ഓടിപ്പോയി. ശേഷിപ്പിച്ച ടൺ കണക്കിന് സാധനങ്ങളുമായി അദോനീയാവും, യോവാബും, അബ്യാഥാരും വല്ലാത്ത പിരിമുറുക്കത്തോടെ ഇരുന്നു.[44] അദോനീയാവിന്റെ മത്സരം തുടങ്ങിയതുപോലെ തന്നെ അവസാനിച്ചു. യിസ്രായേലിന് ഒരു പുതിയ രാജാവുണ്ടായി. ശലോമോൻ സിംഹാസനത്തിലുമായി.”[45]

രംഗം വീണ്ടും മാറുമ്പോൾ, ദാവീദ് കൊട്ടാരത്തിന്റെ ബാല്ക്കണിയിൽ നില്ക്കുന്നു. ക്ഷീണിതനായ അവന്റെ ശരീരത്തിൽ രാജവസ്ത്രം അയഞ്ഞു കിടക്കുന്നു. താഴെ ഒരു വലിയ ജനക്കൂട്ടമുണ്ട്. വിവരണക്കാരൻ വിശദീകരിക്കുന്നു: “യഹോവയിൽ നിന്ന് ശക്തി സംഹരിച്ച്, ദാവീദ് തന്റെ രോഗശയ്യയിൽ നിന്ന് എഴുന്നേറ്റുകൊണ്ട് പുതിയ രാജാവിനെ പിൻതുണക്കുവാനും ദേവാലയ നിർമ്മാണത്തിനു സഹായിക്കുവാനും ആളുകളോട് കല്പിച്ചു.” നിശബ്ദരാകുവാൻ ദാവീദ് തന്റെ ക്ഷീണിച്ച കൈകൾ ഉയർത്തുന്നു. അവൻ ബലഹീനവും, എന്നാൽ ഉറച്ചതുമായ ശബ്ദത്തിൽ, സംസാരിക്കുന്നു:

> എന്റെ സഹോദരന്മാരും എന്റെ ജനവുമായുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ; ... എന്റെ സകല പുത്രന്മാരിലും നിന്നു (യഹോവ എനിക്കു ധാരാളം പുത്രന്മാരെ തന്നതുകൊണ്ടു), അവൻ എന്റെ മകനായ ശലോമോനെ യിസ്രായേലിൽ യഹോവയുടെ രാജാസനത്തിൽ ഇരിപ്പാൻ തിരഞ്ഞെടുത്തിരിക്കുന്നു. അവൻ എന്നോടു, “നിന്റെ മകനായ ശലോമോൻ എന്റെ ആലയവും എന്റെ പ്രാകാരങ്ങളും പണിയും; ഞാൻ അവനെ എനിക്കു പുത്രനായി തിരഞ്ഞെടുത്തിരിക്കുന്നു, ഞാൻ അവന്നു പിതാവായിരിക്കും ...” ആകയാൽ, യഹോവയുടെ സഭയായ എല്ലാ യിസ്രായേലും കാൺകെയും, നമ്മുടെ ദൈവം കേൾക്കെയും ഞാൻ പറയുന്നതു, നിങ്ങൾ ഈ നല്ലദേശം അനുഭവിക്കയും പിന്നത്തേതിൽ അതു നിങ്ങളുടെ മക്കൾക്കു ശാശ്വതാവകാശമായി വെച്ചേക്കയും ചെയ്യേണ്ടതിന്നു, നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളൊക്കെയും ആചരിക്കയും ഉപേക്ഷിക്കാതിരിക്കയും ചെയ്‌വിൻ (1 ദിനവൃത്താന്തം 28:2-8).

ദാവീദ് തന്റെ സംഭാഷണം തുടരുമ്പോൾ, വിവരണക്കാരന്റെ ശബ്ദം കേൾക്കാം. “ദാവീദ് ശലോമോനും ഒരു കല്പന കൊടുക്കയും ഔദ്യോഗികമായി ദേവാലയനിർമ്മാണം അവനിലേക്ക് കൈമാറുകയും ചെയ്തു. ദൈവാലയ നിർമ്മാണത്തിനുള്ള സഹായം ശലോമോന് നൽകുവാൻ ജനപ്രമാണിമാരോട് ദാവീദ് ആവശ്യപ്പെടുകയും - അവരിൽ നിന്ന് പിന്തുണ സ്വീകരിക്കു

കയും – ചെയ്തു. യാഗം കഴിക്കുവാനും ഒരു വലിയ വിരുന്ന് ഒരുക്കുവാനും അവൻ കല്പിച്ചു. അതു യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദിനങ്ങളിൽ ഒന്നായിരുന്നു – അതോടൊപ്പം ദാവീദിന്റെ അവസാനത്തെ പരസ്യപ്രത്യക്ഷതയും."[46]

ക്യാമറ നമ്മെ സ്റ്റുഡിയോയിലേക്കു തിരിച്ച് കൊണ്ടുപോകുന്നു, അവിടെ ഉറ വിജയ ചിഹ്നമായി വിരലുകൾ ഉയർത്തിയിരിക്കുമ്പോൾ ഇമാ നിശബ്ദമായി പുറത്തേക്കു നോക്കുന്നതായി കാണുന്നു.

**വിട-വാങ്ങൽ (2 ശമു. 23:1-7; 1 രാജാക്കന്മാർ 2:1-9)**

വീണ്ടും നമുക്കു കാണുവാൻ കഴിയുന്നതു ദാവീദിന്റെ കിടപ്പുമുറിയാണ്. ശലോമോൻ തന്റെ അപ്പന്റെ കിടക്കക്കരികിൽ മുട്ടുകുത്തി നില്ക്കുന്നു. വിവരണക്കാരൻ പറയുന്നു, "ദാവീദിന്റെ അവസാനത്തെ പരസ്യപ്രത്യക്ഷതക്കു ശേഷം, അവന്റെ അവസ്ഥ തീരെ അവശതയിലായി. അവൻ തന്റെ അവസാനത്തോടടുത്തപ്പോൾ, ശലോമോനെ തന്റെ അടുത്തേക്കു വിളിച്ചു. തന്നെ സ്നേഹിച്ചിരുന്നവരെ മറക്കരുത് എന്ന കല്പന അവൻ തന്റെ മകന്നു കൊടുത്തു (1 രാജാക്കന്മാർ 2:7). തന്റെ വാഴ്ചയെ വിലകുറച്ചുകാണുന്നവരായ സ്വാധീനമുള്ള പുരുഷന്മാരെ കുറിച്ച് ശലോമോന് അവൻ മുന്നറിയിപ്പു നൽകി.[47] എല്ലാറ്റിലും ഉപരി, യഹോവയിൽ വിശ്വസ്തനായിരിപ്പാൻ ശലോമോന് ദാവീദ് വെല്ലുവിളി നൽകി." നാം നോക്കുമ്പോൾ ദാവീദ് പുറത്തേക്കു വന്നു, തന്റെ കൈ ശലോമോന്റെ മേൽവെച്ച്, പറയുന്നു:

> ഞാൻ സകല ഭൂവാസികളുടെയും വഴിയായി പോകുന്നു. നീ, ധൈര്യം പൂണ്ട്, പുരുഷനായിരിക്ക. നീ എന്തുചെയ്താലും എവിടേക്കു തിരിഞ്ഞാലും, സകലത്തിലും നീ കൃതാർത്ഥനാകേണ്ടതിന്നും, യഹോവ എന്നോടു അരുളിച്ചെയ്ത വചനം താൻ ഉറപ്പിക്കേണ്ടതിന്നുമായി, മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടന്നു അവന്റെ ചട്ടങ്ങളും കല്പനകളും, വിധികളും സാക്ഷ്യങ്ങളും, പ്രമാണിച്ചുംകൊണ്ടു, അവന്റെ ആജ്ഞ അനുസരിച്ചുകൊൾക (1 രാജാക്കന്മാർ 2:2, 3).[48]

ദാവീദ് തന്റെ കണ്ണുകൾ സ്വർഗ്ഗത്തേക്കുയർത്തി മൃദുലമായി പാടുവാൻ തുടങ്ങി.[49]

> യിസ്രായേലിന്റെ ദൈവം കല്പിച്ചു, ...
> "മനുഷ്യരെ നീതിമാനായി ഭരിക്കുന്നവൻ,
> ദൈവഭയത്തോടെ വാഴുന്നവൻ,
> മേഘമില്ലാത്ത പ്രഭാത കാലത്ത്,
> സൂര്യോദയത്തിങ്കൽ പ്രകാശത്തിനു തുല്യൻ, ..."
> ദൈവസന്നിധിയിൽ എന്റെ ഗൃഹം അതുപോലെ അല്ലയോ?
> അവൻ നിന്നോട് ഒരു ശാശ്വത നിയമം
> ചെയ്തുവല്ലൊ, ... (2 ശമുവേൽ 23:3-5).

ദാവീദ് തന്റെ കണ്ണുകൾ അടക്കുന്നു. ശലോമോൻ തന്റെ അപ്പനെ ചുംബി

ക്കുന്നു. രംഗം പതുക്കെ മറയുമ്പോൾ, വിവരണക്കാരൻ പറയുന്നു, “ഇതു കഴിഞ്ഞ ഉടനെ, ദാവീദ് ഈ ലോകജീവിതത്തിൽ നിന്ന് പെട്ടെന്ന് മാഞ്ഞു പോയി. ദാവീദ് രാജാവിന്റെ നാല്പതു-വർഷത്തെ ഭരണം അവസാനിച്ചു. അവന്റെ ഈ ഭൂമിയിലെ എഴുപതുവർഷം അവസാനിച്ചു. യിസ്രായേലിന്റെ മധുരഗായകൻ മരിച്ചുപോയി.”

നാം കണ്ണുനീർ തുടച്ചുകൊണ്ട്, സ്റ്റുഡിയോയിലേക്കു മടങ്ങുമ്പോൾ ഞെട്ടുന്നു. ദേഷ്യത്തോടുകൂടി ഇമ തന്റെ കൈ ചുരുട്ടുന്നു. “വെള്ള പൂശുന്ന പണിയെ കുറിച്ചു സംസാരിക്കുക! ഞാൻ അറിഞ്ഞത് യോവാബിനെയും ശിമെയിയെയും *ഒഴിവാക്കുവാൻ* ദാവീദ് ശലോമോനോടു പറഞ്ഞു എന്നാണ്! കാലം!”

ഉറ എതിർക്കുന്നു. “ശരി, എന്തായാലും അദോനീയാവിന്റെ ഗൂഢാലോചനയിൽ യോവാബ് പങ്കുചേർന്നിരുന്നല്ലോ.”

“അങ്ങനെയായിരിക്കാം, എന്നാൽ *ശിമെയിക്ക്* എന്തു സംഭവിച്ചു? ദാവീദ് ശിമെയിയെ കൊല്ലുക *ഇല്ല* എന്ന് അവനോടു വാഗ്ദാനം ചെയ്തിരുന്നു.”

“ശരി, ... ദാവീദ് ശിമെയിക്ക് രണ്ടാമത് അവസരം[50] കൊടുത്തിട്ടും തുടർന്നും ദാവീദിന്റെ വാഴ്ചയെ ഒരുപക്ഷെ അവൻ തരം താഴ്ത്തി കണ്ടിരിക്കാം.” ഇമ കളിയാക്കി. “നിനക്ക് ഇന്ന് വാസ്തവത്തിൽ നിറയെ ‘ഒരുപക്ഷേകൾ’ ആണല്ലോ ഉള്ളത്! *വസ്തുതകളുടെ* അടിസ്ഥാനത്തിൽ, ആ വിരൽ *താഴേക്കു* പോകുന്നു.”

ഉറ സ്കോർബോർഡിലേക്കു നോക്കുന്നു. “ഓകെ, എന്നാൽ നിങ്ങൾ അതെല്ലാം കൂട്ടി നോക്കിയാൽ, വിരലുകൾ-താഴേക്കു ഉള്ളതിനേക്കാൾ വിരലുകൾ-മുകളിലേക്കു ഉയർത്തിയിരിക്കുന്നതാണ് കൂടുതൽ ഉള്ളത്.”

ഇമ ദേഷ്യപ്പെട്ടുകൊണ്ട്, “അതിനു *മൊത്തത്തിലുള്ളത്* ആർ കാര്യമാക്കുന്നു? തലക്കെട്ടുകളെല്ലാം കിട്ടിയിരിക്കുന്നത് ഈ മനുഷ്യനാണ്, അവൻ വലിയവൻ തന്നെ ആയിരുന്നു! എന്തിനാണ്, അവൻ തന്റെ തന്നെ ശ്മശാനക്കുഴി തോണ്ടി അസ്ഥികൂടങ്ങൾ ഇടുവാൻ തുടങ്ങിയത്!”

ഉറ തിരിച്ചടിക്കുന്നു: “അതുകൊണ്ടു അവൻ തികഞ്ഞവനായിരുന്നില്ല! നീ അങ്ങനെ ആണെന്ന് അവകാശപ്പെടുകയാണോ?”

ഇമ മറുപടിയായി: “ശരി, ദാവീദിനെ പോലെ നല്ലവനായിരുന്നു എന്നു എനിക്ക് ഉറപ്പുണ്ട്. വാസ്തവത്തിൽ, ...”

ഇമയ്ക്കു പിന്നെ എന്തു പറയാനുണ്ടായിരുന്നു എന്ന് നമുക്കറിയില്ല, കാരണം പെട്ടെന്നു സ്റ്റുഡിയോയിൽ വലിയൊരു പ്രകാശം നിറയുകയും നമ്മുടെ ആത്മാക്കളെ കുത്തി തുളയ്ക്കുന്ന ശബ്ദത്തിലുള്ള ഒരു സംസാരം കേൾക്കുകയും ചെയ്യുന്നു: “ഇമയും ഉറയും, താഴെ ശാന്തമായിരിക്കുക. നിങ്ങൾ രണ്ടുപേരും പറയുന്നതു ശരിയല്ല. ഒരാൾ എപ്പോഴും ദാവീദിനെ പ്രതിരോധിക്കുവാൻ തയ്യാറാകുന്നു; മറ്റെയാൾ, എല്ലായ്പ്പോഴും കുറ്റപ്പെടുത്തുവാനും. നിങ്ങൾ രണ്ടുപേരും *ഞാൻ* കാണുന്നതുപോലെ കാണുന്നില്ല, കാരണം എല്ലാറ്റിലും ഉപരിയായി ഞാൻ *ഹൃദയത്തെയാണു* നോക്കുന്നത്. ദാവീദ് എനിക്കും ബോധിച്ച മനുഷ്യൻ ആയിരുന്നു!” വിമർശകരായ ഇമയെയും ഉറയെയും നാം അവസാനമായി നിരീക്ഷിക്കുമ്പോൾ, അവർ വായ് തുറന്നു, തുറിച്ചുനോക്കിക്കൊണ്ട്, കല്ലായി തീർന്നതുപോലെയാണ് കാണാൻ കഴിയുന്നത്. പിന്നെ ടെലിവിഷൻ പൊട്ടി തെറിക്കുന്നു.

## ദാവീദിന്മേൽ ദൈവത്തിന്റെ അവസാന വാക്ക്

ആ അവസാന രംഗത്തിൽ ഞാൻ ഒരുപക്ഷെ അമിതമായി മുഴുകിയിരിക്കാം, എന്നാൽ ഒരു പോയിന്റ് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിച്ചു: ദാവീദിന്മേൽ നൽകപ്പെട്ട അവസാന വാക്ക് നമ്മുടേതല്ല, എന്നാൽ ദൈവത്തിന്റേതാണ്. നമ്മുടെ പരമ്പര അവസാനിപ്പിക്കുമ്പോൾ, ദാവീദിന്റെ ജീവിതത്തെ *ദൈവം* എങ്ങനെ വിലയിരുത്തുന്നു എന്ന് നമുക്ക് ഒരു നിമിഷം അവലോകനം നടത്താം.

രാജാവിന്റെ സ്ഥാനത്തുനിന്ന് ശൗലിനെ ദൈവം തള്ളിക്കളഞ്ഞപ്പോൾ ശമുവേൽ നടത്തിയ പ്രസ്താവനയിൽ നിന്നു നമുക്കു തുടങ്ങാം: "ഇപ്പോഴോ നിന്റെ രാജത്വം നിലനില്ക്കയില്ല. *തനിക്കു ബോധിച്ച ഒരു പുരുഷനെ* യഹോവ അന്വേഷിച്ചിട്ടുണ്ട്, അവനെ യഹോവ തന്റെ ജനത്തിന്നു പ്രഭുവായി നിയമിച്ചിരിക്കുന്നു" (1 ശമുവേൽ 13:14; എംഫസിസ് മൈൻ).

അടുത്ത രാജാവിനെ അഭിഷേകം ചെയ്യുവാൻ ശമുവേൽ ആദ്യം ബേത്ലേഹെമിലെ യിശ്ശായിയുടെ ഗൃഹത്തിലേക്കു പോയപ്പോൾ, ആ പ്രായമുള്ള ന്യായാധിപൻ വിചാരിച്ചത് യിശ്ശായിയുടെ മക്കളിൽ പൊക്കമുള്ള മുതിർന്ന പുത്രന്മാരിൽ ആരെങ്കിലും ആയിരിക്കും അടുത്ത രാജാവ് ആവുക എന്നാണ്; എന്നാൽ ദൈവം പറഞ്ഞു, "അവന്റെ മുഖമോ പൊക്കമോ നോക്കരുത്, ഞാൻ അവനെ തള്ളിയിരിക്കുന്നു; മനുഷ്യർ നോക്കുന്നതുപോലെയല്ല, മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു, *യഹോവയോ ഹൃദയത്തെ നോക്കുന്നു*" (1 ശമുവേൽ 16:7; എംഫസിസ് മൈൻ).

നമ്മുടെ പരമ്പരയിൽ, നാം ദാവീദിന്റെ നല്ല നാളുകളിലും മോശം ദിനങ്ങളിലും അവനോടൊപ്പം സഞ്ചരിച്ചു. നാം അങ്ങനെ ചെയ്തതുകൊണ്ട്, ദൈവത്തിന്റെ കുറ്റാരോപണത്തിൽ എനിക്കു കുറ്റബോധം ഉണ്ടെന്ന് ഞാൻ തുറന്നുപറയട്ടെ: "മനുഷ്യൻ പുറമെയുള്ളത് നോക്കുന്നു." കൃപാസനത്തിൽ ഇരിക്കുന്നതിനേക്കാൾ സൗകര്യപ്രദമായി നമുക്ക് മിക്കപേർക്കും തോന്നുന്നത് ന്യായവിധി സീറ്റിൽ ഇരിക്കുവാനാണ് എന്നു പറയാറുണ്ട് – അത് ശരിയുമാണ്. ദാവീദിന്റെ ജീവിതത്തെ കുറിച്ചു നാം പഠിക്കുമ്പോൾ രണ്ടു കാര്യങ്ങൾ എളുപ്പത്തിൽ മറന്നേക്കാം: (1) നാം ദാവീദിനെ എല്ലാ കാര്യത്തിലും വിധിക്കുകയാണെങ്കിൽ, അത് പുതിയ നിയമ നിലവാരം അനുസരിച്ചായിരിക്കരുത്, എന്നാൽ ദാവീദ് ജീവിച്ച കാലത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം. (2) ദാവീദിന്റെ എല്ലാ ഉയർച്ചകളിലും താഴ്ച്ചകളിലും, ദാവീദിന്റെ *ഹൃദയത്തെ* കുറിച്ച് ദൈവം ഏറ്റവും കരുതിയിരുന്നു. *മുഖ്യആളുകൾ 1* എന്ന പുസ്തകത്തിലെ കരുതുന്ന ദാവീദിൽ ഞാൻ ശ്രദ്ധിച്ച പല കാര്യങ്ങളേയും നിങ്ങളെ ഓർമ്മിപ്പിക്കട്ടെ:

> ദാവീദിന്റെ ജീവിതത്തെ കുറിച്ചുള്ള അദ്ധ്യായങ്ങൾ അവന്റെ *ഹൃദയത്തിലേതു* പോലെ അത്രമാത്രം അവന്റെ *ചരിത്രത്തിൽ* കേന്ദ്രീകരിക്കുന്നില്ല.
>
> ... ദാവീദ് ഒരു കാഴ്ച്ചബംഗ്ലാവിൽ വെച്ച മാർബിൾ വിശുദ്ധനായിരുന്നില്ല. അവന്റെ ഞരമ്പുകളിലൂടെ ചുടുരക്തം പ്രവഹിച്ചിരുന്നു, അവന്റെ ശരീരത്തിൽ ശക്തമായ അഭിലാഷങ്ങൾ ഉണ്ടായിരുന്നു. അധികം പേരും പറക്കുന്നതിനേക്കാൾ ഉയരത്തിൽ ദാവീദ് പറന്നിരുന്നു; അവൻ കഠിനമായി തകരുകയും ചെയ്തു.

... ഒന്നുകിൽ, ദാവീദ് ഏറ്റവും നന്നായിട്ട് ആയിരുന്നു അല്ലെങ്കിൽ ഏറ്റവും മോശമായിട്ട് ആയിരുന്നു, എങ്ങനെയായാലും, അവന്റെ ബന്ധം എല്ലായ്പ്പോഴും യഹോവയോടായിരുന്നു. ദാവീദിന്റെ ആത്മീയതയുടെ അളവുസൂചി പലപ്പോഴും ജീവിതകൊടുങ്കാറ്റിൽ ഇളകിയിരുന്നു എങ്കിലും, കലക്കമെല്ലാം തീർന്നപ്പോൾ, ദാവീദിന്റെ അളവുകോൽ അവന്റെ ആത്മീയമായ ഭാഗത്തേക്കു തന്നെ തിരിഞ്ഞു – അവന്റെ ദൈവത്തിങ്കലേക്ക് തിരിഞ്ഞിരുന്നു.

ദാവീദിന്റെ മരണശേഷമുള്ള സമയത്തിലേക്ക് ഇപ്പോൾ എന്നോടുകൂടെ യാത്ര ചെയ്യുക. 1 രാജാക്കന്മാർ 3-ൽ ദൈവം ശലോമോന് ഒരു ദർശനത്തിൽ പ്രത്യക്ഷമായി, അവനാഗ്രഹിക്കുന്നത് ദൈവത്തോട് ആവശ്യപ്പെടുവാൻ ആജ്ഞാപിച്ചു. വാക്യം 14 ശ്രദ്ധിക്കുക: "*നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ,* നീ എന്റെ ചട്ടങ്ങളും കല്പനകളും പ്രമാണിച്ചു, എന്റെ വഴികളിൽ നടന്നാൽ, ഞാൻ നിനക്കു ദീർഘായുസ്സും തരും" (എംഫസിസ് മൈൻ). അതേ പ്രസ്താവന 1 രാജാ ക്കന്മാർ 9-ൽ ഉണ്ട്. ദൈവം രണ്ടാമതും ശലോമോന് പ്രത്യക്ഷനായി പറഞ്ഞു:

ഞാൻ നിന്നോടു കല്പിച്ചതൊക്കെയും ചെയ്‌വാൻ തക്കവണ്ണം, എന്റെ മുമ്പാകെ ഹൃദയനിർമ്മലതയോടും പരമാർത്ഥതയോടും കൂടെ *നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ* നടക്കുകയും, എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കയും ചെയ്താൽ, യിസ്രായേലിലുള്ള നിന്റെ രാജത്വത്തിന്റെ സിംഹാസനം, ഞാൻ എന്നേക്കും സ്ഥിരമാക്കും, ... (വാ. 4, 5; എംഫസിസ് മൈൻ).

ഈ രണ്ടുവേദഭാഗങ്ങളും നാം വായിക്കുമ്പോൾ അതിശയിച്ചു ഇരുന്നുപോകും. ദാവീദ് ദൈവവഴികളിൽ നടന്നു, ദൈവത്തിന്റെ കല്പനകൾ *എല്ലാം* അനുസരിച്ചുവോ? "ഒരു നിമിഷം നിൽക്കുക, ദൈവമേ, ബത്ത്ശേബയുമായുള്ള ബന്ധത്തിൽ ദാവീദ് പത്തു കല്പനകളിലെ നാല്പതുശതമാനവും ലംഘിച്ചത് നീ മറന്നുപോയോ? നീ അവനോടും യിസ്രായേലിനോടും കോപിച്ചതിനാൽ 70,000 പുരുഷന്മാരെ കൊന്നത് മറന്നുപോയോ?" ദൈവം ചിരിച്ചുകൊണ്ട് ഇങ്ങനെ പറയുമെന്ന് ഞാൻ ഊഹിക്കുന്നു, "അതെ, ഞാൻ മറന്നു. ഞാൻ ക്ഷമ നൽകുന്ന പാപങ്ങൾ, ഞാൻ മറക്കുന്നു.[51] എന്റെ ദാസനായിരുന്ന ദാവീദിന്റെ പേനയിൽ കൂടെവന്ന ഈ വേദഭാഗം *നിങ്ങൾ* മറന്നുപോയോ?"

യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു,
ദീർഘക്ഷമയും മഹാദയയും
　ഉള്ളവൻ തന്നേ, ...
ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതു
　പോലെ,
അവന്റെ ദയ അവന്റെ ഭക്തന്മാരോടു
　വലുതായിരിക്കുന്നു.
ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ,

അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു.
അപ്പന്നു മക്കളോടു കരുണ തോന്നുന്നതു
പോലെ,
യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ
തോന്നുന്നു.
അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ;
നാം പൊടി എന്നു അവൻ ഓർക്കുന്നു
(സങ്കീർത്തനം 103:8-14; എംഫസിസ് മൈൻ).

ദാവീദ് ദൈവത്തെ ഗൗരവമായി എടുത്തിരുന്നു. അവന്റെ ഹൃദയം ദൈവ ഹൃദയവുമായി ചേർന്നിരുന്നു. ദൈവം അവനെ സ്നേഹിക്കുകയും, അവനോടു ക്ഷമിക്കുകയും ചെയ്തു. അതുകൊണ്ട്, ദൈവത്തിനു പറയാം, "ദാവീദ് എന്റെ വഴികളിൽ നടന്ന്, എന്റെ ചട്ടങ്ങളും വിധികളും പ്രമാണിച്ചു. അവൻ ആത്മാർത്ഥ ഹൃദയത്തോടും നീതിയോടുംകൂടെ, ഞാൻ കല്പിച്ചതിൻപ്രകാരം ഒക്കെയും ചെയ്തു. അവൻ എന്റെ ചട്ടങ്ങളും വിധികളും പ്രമാണിച്ചു!"

ഇനി നമുക്ക് ചില പുതിയനിയമ വേദഭാഗങ്ങളിലേക്ക് തിരിയാം. പ്രവൃത്തികൾ 7-ൽ, ന്യായാധിപസംഘത്തിന്റെ മുൻപിൽ സ്റ്റെഫാനോസ് വലിയ ഒരു പ്രസംഗം നടത്തിയപ്പോൾ, അവൻ പഴയ നിയമ ചരിത്രത്തിന്റെ ഒരു അവലോകനം അവതരിപ്പിക്കുകയുണ്ടായി. അവൻ ദാവീദിന്റെ അടുത്തു വന്നപ്പോൾ പറഞ്ഞു, "ദാവീദിന് ദൈവത്തിന്റെ മുൻപാകെ കൃപ ലഭിച്ചു" (വാ. 46). എന്റെ ശവകുടീരത്തിന്മേൽ: "ദാവീദിന് ദൈവമുൻപാകെ കൃപ ലഭിച്ചു" എന്ന് ഒരു കുറിപ്പായി എഴുതുന്നതിൽ എനിക്ക് ഒരു വിരോധവും ഇല്ല.

എങ്ങനെയായാലും, ഞാൻ പ്രത്യേകമായി ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്ന വേദഭാഗങ്ങൾ, പിസിദ്യയിലുള്ള അന്ത്യോക്യയിലെ പള്ളിയിൽ വച്ചുള്ള പൗലൊസിന്റെ പ്രസംഗത്തിലുണ്ട്: "അവനെ [ദൈവം] നീക്കീട്ടു [രാജാവാകുന്നതിൽ നിന്ന് ശൗലിനെ], ദാവീദിനെ അവർക്കു രാജാവായി വാഴിച്ചു, 'ഞാൻ യിശ്ശായിയുടെ മകനായ ദാവീദിനെ, എനിക്കു ബോധിച്ച പുരുഷനായി കണ്ടു, അവൻ എന്റെ ഹിതം എല്ലാം ചെയ്യും' എന്ന്, അവനെക്കുറിച്ചു സാക്ഷ്യവും പറഞ്ഞു" (പ്രവൃത്തികൾ 13:22). വിശദമാക്കിയ ബൈബിളിൽ ആ വാക്യത്തിന്റെ അവസാനഭാഗം വിപുലീകരിച്ചുപറയുന്നത് ഇങ്ങനെ വായിക്കാം, "യിശ്ശായിയുടെ മകൻ ദാവീദ്, എന്റെ ഹൃദയത്തിന് ബോധിച്ച മനുഷ്യൻ ആകുകയും, എന്റെ ഹിതം എല്ലാം ചെയ്യുന്നവനും *എന്റെ പരിപാടികൾ മുഴുവൻ നിർവ്വഹിക്കുകയും* ചെയ്തവനാണ്." (എംഫസിസ് മൈൻ). പിന്നീട് ആ പ്രസംഗത്തിൽ പൗലൊസ് പറഞ്ഞു, "ദാവീദ്, *തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനെക്കു ശുശ്രൂഷ ചെയ്തശേഷം, നിദ്ര പ്രാപിച്ചു*" (പ്രവൃത്തികൾ 13:36; എംഫസിസ് മൈൻ). നമ്മുടെ ജീവിതാവസാനം, നാം നമ്മുടെ തലമുറയിൽ ദൈവോദ്ദേശം നിറവേറ്റിയെന്നു പറയാൻ കഴിയുന്നുവെങ്കിൽ അത് എത്ര മനോഹരം ആയിരിക്കും?

ഒരു രാജാവായ ദാവീദിൽ ദൈവത്തിന്റെ ഉദ്ദേശം *എന്തായിരുന്നു?* ദാവീദിന്റെ വാഴ്ച്ചക്കുള്ള അവന്റെ പദ്ധതി എന്തായിരുന്നു? ദാവീദിന്റെ നേട്ടങ്ങൾ "ദൈവത്തിൻ കീഴിൽ ഒരു ദേശം" എന്ന പ്രയോഗത്താൽ ചുരുക്കാവുന്നതാണ്: "ഒരു ദേശം" - ദാവീദു പന്ത്രണ്ടു അഭിമാനമുള്ള സ്വതന്ത്രമായ

ഗോത്രങ്ങളെ സമാധാനത്തിൽ ജീവിക്കുന്ന ഒരു ദേശമാക്കി യോജിപ്പിച്ചു. "ദൈവത്തിൻ കീഴിൽ" - ദാവീദ് എല്ലായ്പ്പോഴും ഊന്നിപ്പറഞ്ഞത് വാസ്തവത്തിൽ യിസ്രായേലിന്റെ രാജാവ് താൻ മാത്രമല്ല, എന്നാൽ അതു യഹോവയാണെന്നാണ്. ദാവീദ് അവന്റെ ദൈവത്തിന് ഒരു എതിരാളി ഉണ്ടാകുവാൻ അനുവദിക്കുകയില്ല. ദാവീദ് സിംഹാസനത്തിലേക്കു വരുന്നതിനു മുൻപുള്ള ഒരു പ്രശ്നം വിഗ്രഹാരാധന ആയിരുന്നു; ദാവീദ് മരിച്ച ശേഷവും വിഗ്രഹാരാധന ഒരു പ്രശ്നമായിരുന്നു; അവൻ രാജാവായിരുന്നപ്പോൾ അതൊരു പ്രശ്നം ആയിരുന്നില്ല. ദാവീദ് വിഗ്രഹാരാധന സഹിച്ചിരുന്നില്ല![52] ദാവീദിന്റെ വാഴ്ച്ചക്കാലം യിസ്രായേലിന് ആത്മീയമായ ഉയർച്ച ഉണ്ടായിരുന്ന സമയമായിരുന്നു.

അപ്പോൾ, ദാവീദിന്മേൽ ദൈവത്തിന്റെ അവസാനവാക്ക്, എന്തായിരുന്നു? വീണ്ടും പ്രവൃത്തികൾ 13:22-ലെ വാക്കുകൾ ശ്രദ്ധിക്കുക. ദാവീദ് മരിച്ച് ആയിരം വർഷങ്ങൾക്കുശേഷം, ദൈവം അപ്പോഴും പറയുന്നു, "ഞാൻ ദാവീദിനെ കണ്ടത് ..., *എനിക്കു ബോധിച്ച പുരുഷനായി.*" നാം വസ്തുതകൾ പരിശോധിക്കുകയും, തെളിവുകൾ അരിച്ചുപെറുക്കി നോക്കുകയും, തെറ്റുവാൻ ഇടയുള്ള നമ്മുടെ തീർച്ചപ്പെടുത്തലിൽ എത്തുകയും ചെയ്യുമ്പോൾ, ദൈവം നമ്മെ നമ്മുടെ സ്ഥാനത്തു നിർത്തി പറയുന്നു, "ദാവീദ് എന്റെ ഹൃദയത്തിനു ബോധിച്ച മനുഷ്യനായിരുന്നു - അതു കാര്യമാത്ര പ്രസക്തം തന്നെ!"

ഞാൻ പൂർണ്ണനല്ല നിങ്ങളും അങ്ങനെതന്നെ. എന്റെ പ്രതീക്ഷകൾക്കൊത്ത് എനിക്ക് ജീവിക്കുവാൻ സാധ്യമല്ല, കാരണം ദൈവം വച്ചിരിക്കുന്ന ആവശ്യകതകൾ വളരെ കുറച്ചു മാത്രമേ ചെയ്യുന്നുള്ളൂ. എങ്ങനെയായാലും, ഒരു കാര്യം എനിക്കു ചെയ്യാൻ കഴിയും: എന്റെ ഹൃദയത്തിൽ ദൈവത്തിന് പ്രഥമസ്ഥാനം നൽകുന്നതിൽ ഞാൻ ദാവീദിനെ പോലെ ആകുവാൻ ശ്രമിക്കാം. എന്റെ കർത്താവിന്റെ ഹൃദയത്തോട് എന്റെ ഹൃദയത്തെ ചേർക്കുവാനുള്ള പരിശ്രമത്തിനായി എന്റെ ജീവിതത്തെ എനിക്കു ചിലവിടുവാൻ കഴിയും. എന്റെ ജീവിതത്തെ മനുഷ്യർ അവസാനം വിലയിരുത്തുന്നത് കൃപയോടെ ആകാം അല്ലെങ്കിൽ അല്ലാതാകാം; അവ ശരിയായിരിക്കാം അല്ലെങ്കിൽ അല്ലാതിരിക്കാം. എങ്ങനെയായാലും, അവസാനം, കണക്കിലെടുക്കുന്നത് യഥാർത്ഥത്തിൽ ഒരു വിലയിരുത്തൽ മാത്രം ആയിരിക്കും. ദൈവത്തിന്, "ഡേവിഡ് - ഡേവിഡ് റോപ്പർ - എനിക്കുബോധിച്ച മനുഷ്യൻ ആയിരുന്നു," എന്നു പറയാൻ കഴിഞ്ഞാൽ അതാണ് എല്ലാറ്റിലും കാര്യമായി ഉള്ളത്.

---

**പ്രസംഗ കുറിപ്പുകൾ**

ഈ പാഠത്തിൽ ദാവീദിന്റെ അവസാന ദിവസങ്ങളെ ഒരു ടെലിവിഷൻ പ്രോഗ്രാമിന്റെ ചട്ടക്കൂടിൽ ആക്കിയിരിക്കുന്നു. ഇതു നിങ്ങൾക്കു നിങ്ങളുടെ സ്ഥലത്ത് പ്രായോഗികമല്ലെങ്കിൽ, ഒരു പക്ഷെ ഒരു സ്റ്റേജിൽ നാടകത്തിന്റെ ചട്ടക്കൂടിൽ ആക്കുവാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം - അല്ലെങ്കിൽ സഭയിലെ ബെഞ്ചിൽ പിറുപിറുത്തുകൊണ്ട് ആദരാഞ്ജലി അർപ്പിക്കലോ ആവാം.

ധാരാളം ഇടവകകളിൽ പ്രായമുള്ളവരുടെ വർദ്ധനവു കാണാം, എന്നാൽ അവരുടെ പ്രത്യേക ആവശ്യങ്ങൾക്ക് ചുരുക്കം ചില പാഠങ്ങളേ തയ്യാറാക്കിയിട്ടുള്ളൂ നമ്മുടെ ഇടയിൽ പ്രായമായവർ രണ്ടു പരസ്പരബന്ധമുള്ള പ്രശ്ന

ങ്ങൾ അഭിമുഖീകരിക്കുന്നു: (1) ബിസിനസ് ലോകത്തോ സഭയിലോ ആയാലും, നാം ഒരിക്കൽ ചെയ്ത കാര്യങ്ങൾ ഇനി ചെയ്യുവാൻ കഴിയുകയില്ല എന്ന നഷ്ടബോധത്തിന്റെ തിരിച്ചറിവു, കൂടാതെ (2) ഒരുപക്ഷെ നമ്മുടെ കഴിവു പൂർണ്ണമായി വിനിയോഗിച്ചിട്ടുപോലും, നമ്മുടെ എല്ലാ സ്വപ്നങ്ങളും സത്യമാവുകയില്ല എന്ന യാഥാർത്ഥ്യബോധം. ദാവീദിന് ഇവ രണ്ടും തന്റെ അവസാന ദിനങ്ങളിൽ അഭിമുഖീകരിക്കേണ്ടി വന്നു: (1) അവനു യുദ്ധം ചെയ്യുവാൻ പണ്ടത്തെ പോലെ ശക്തിയും പ്രാഗത്ഭ്യവും പിന്നെ ഉണ്ടായില്ല, കൂടാതെ (2) ദൈവം തന്റെ ദേവാലയ നിർമ്മാണത്തെ കുറിച്ചുള്ള സ്വപ്നത്തോട് "ഇല്ല" എന്നു പറഞ്ഞു. ദാവീദ് ദേവാലയ നിർമ്മാണത്തിനായി ഒരുങ്ങുമ്പോൾ തന്റെ ജീവിതത്തിനുള്ള പ്രാധാന്യം മാറ്റിക്കൊണ്ട് ആ രണ്ടു വെല്ലുവിളികളും അഭിമുഖീകരിച്ചു. ഒരു ബുദ്ധിമാനായ മനുഷ്യന് പ്രായമാകുമ്പോൾ തന്റെ പാത മാറ്റുവാനും കിസ്തുവിനുവേണ്ടി ഒരു മുതൽകൂട്ടായി നിലനില്ക്കുവാനും കഴിയും. ഞാൻ ഈ പ്രസ്താവന ഇഷ്ടപ്പെടുന്നു: "ദാവീദ് പുറകോട്ടു നോക്കാതെ, മുൻപോട്ടു നോക്കി മരിച്ചു."

"അവൻ പാടുവാൻ പോയി" എന്ന പാഠത്തിനെ കുറിച്ചു ഒരു അവസാന പാഠം എടുക്കുകയും ദാവീദിനെ "യിസ്രായേലിന്റെ മധുരഗായകൻ" എന്ന് ഊന്നി പറയുകയും ചെയ്തുകൊണ്ടു മറ്റൊരു വിധത്തിൽ ദാവീദിന്റെ ജീവചരിത്രം അവസാനിപ്പിക്കാം. (2 ശമുവേൽ 23:1). സങ്കീർത്തനങ്ങൾ എങ്ങനെ നമ്മുടെ ജീവിതത്തെ ഇപ്പോഴും ബാധിക്കുന്നു എന്നത് ഈ അവതരണത്തിന്റെ ഭാഗമാക്കാം: (1) പുതിയ നിയമ പഠനത്തിൽ അവയുടെ ഉപയോഗം (മറ്റു പഴയനിയമ പുസ്തകങ്ങളെക്കാൾ അധികം സങ്കീർത്തന പുസ്തകങ്ങളെയാണ് പുതിയ നിയമം ഉദ്ധരിച്ചിരിക്കുന്നത്), (2) നാം പാടുന്ന നമ്മുടെ പാട്ടുകളിൽ, കൂടാതെ (3) ദാവീദിന്റെ സങ്കീർത്തനങ്ങൾ ഇപ്പോഴും നമ്മുടെ ഹൃദയങ്ങളോടു സംസാരിക്കുന്ന രീതിയിൽ.

---

കുറിപ്പുകൾ

[1]ഡബ്ളിയു. ഫിലിപ്പ് കെല്ലർ, *ഡേവിഡ്, ദ ഷെപ്പേർഡ് കിങ്ങ്* (വാകോ, ടെക്സ്.: വേഡ് പബ്ളിഷേഴ്സ്, 1986), 182. [2]രണ്ടു ശമുവേൽ 21:1 പറയുന്നു, "ദാവീദ് യഹോവയുടെ സാന്നിദ്ധ്യം ആഗ്രഹിച്ചു." [3]പണ്ടുള്ള ആളുകൾ സംഭവിച്ച എല്ലാ കാര്യങ്ങളിലും ദൈവകരങ്ങൾ കണ്ടിരുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ പലപ്പോഴും പ്രകൃതി ദുരന്തങ്ങൾ വരുത്തിയിട്ടുണ്ട് എന്നാണു പറയുന്നത്. അടുത്തസമയത്ത് നടന്ന പ്രകൃതി ദുരന്തങ്ങൾ എല്ലാം കാണുമ്പോൾ, "ദൈവം എന്തെങ്കിലും നമ്മോടു പറയുവാൻ ശ്രമിക്കുന്നുണ്ടോ?" എന്നു ചോദിക്കുന്നതു, ഉചിതമായി തോന്നും. [4]1 ശമുവേൽ-ൽ നമുക്ക് ആ സംഭവത്തെ കുറിച്ചു ഒരു രേഖയും ഇല്ല അതുകൊണ്ട് അത് എപ്പോൾ എന്തുകൊണ്ടു സംഭവിച്ചു എന്നതു ഊഹിക്കാനേ കഴിയൂ. രണ്ടു ശമുവേൽ 21:2 പറയുന്നതു ശൗൽ "യിസ്രായേൽ മക്കളോടും യെഹൂദയോടും ഉള്ള എരിവു നിമിത്തമാണ് അവരെ കൊല്ലുവാൻ ആഗ്രഹിച്ചത്" എന്നാണ്. ശൗലിനെ അറിയാവുന്നതുകൊണ്ട്, അവന്റെ ലക്ഷ്യങ്ങൾ ഒരുപക്ഷെ രാഷ്ട്രീയമാകാം. "യിസ്രായേൽ മക്കളോടും യെഹൂദയോടുമുള്ള [അംഗീകാരത്തിന്] അവന്റെ തീക്ഷ്ണതയിൽ" ഇതു ചെയ്തു എന്നു നമുക്ക് ഇതിനെ വിപുലീകരിക്കാം. [5]ഈ തിരഞ്ഞെടുപ്പിന് ഉയർന്ന പുരോഹിതർ സഹായിച്ചു എന്നുവേണം കരുതുവാൻ. [6]ഇത് സംഭവിച്ചത് ഒരുപക്ഷെ യോനാഥാനോടുള്ള ദാവീ

ദിന്റെ വാഗ്ദാനം നിറവേറിയ ശേഷമാകാം (2 ശമുവേൽ 9). [7]ആ ഏഴുപേരെ കൊന്നുകളഞ്ഞതിൽ നിന്ന് യോനാഥാന്റെ വംശാവലി ഒഴിച്ച് ശൗലിന്റെ മറ്റെല്ലാ പിൻഗാമികളെയും ഉന്മൂലമാക്കി എന്ന് സ്പഷ്ടം (ദിനവൃത്താന്ത പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നത് യോനാഥാന്റെ വംശാവലിയെ കുറിച്ചു മാത്രമാണ്). ശൗലിന്റെ ഗൃഹത്തെ ദൈവം നിരസിച്ചിരുന്നു. [8]രിസ്പയുമായി അബ്നേർ ലൈംഗിക ബന്ധം പുലർത്തിയതുകൊണ്ട് ഈശ്-ബോശെത്ത് അവനെ കുറ്റപ്പെടുത്തി (2 ശമുവേൽ 3). [9]മേരാബായിരുന്നു ദാവീദിന് ആദ്യം വാഗ്ദാനം ചെയ്ത മകൾ, പിന്നെ അദ്രിയേലിനു അവളെ കൊടുത്തു. ചില കയ്യെഴുത്തു പ്രതികളിൽ മീഖൾ എന്നാണുള്ളത് (നോക്കുക കെജെവി), എന്നാൽ മീഖളിന് സ്വന്തം കുട്ടികൾ ഇല്ലാത്തതുകൊണ്ട് (2 ശമുവേൽ 6:23), പൊതുവായി കരുതപ്പെടുന്നത് ഇവർ മീഖളിന്റെ സഹോദരിയായ, മേരാബിന്റെ പുത്രന്മാരാണെന്നാണ്. ചിലർ പറയുന്നതു മീഖൾ മേരാബിന്റെ കുട്ടികളെ സ്വന്തം മക്കളെ പോലെ വളർത്തി എന്നാണ്. [10]രിസ്പ അവിടെ ബാർലി കൊയ്യുന്ന സമയം (മാർച്ച് മുതൽ മേയ് വരെ) മുതൽ സാധാരണ മഴ പെയ്യുന്നതു (നവംബർ മുതൽ ഡിസംബർ) വരെ താമസിച്ചിരുന്നു എങ്കിൽ, അവൾ അവിടെ ആറ് അല്ലെങ്കിൽ എട്ടു മാസങ്ങൾ താമസിച്ചിരിക്കാം!

[11]ആ സമയം വരെ, ശൗലിന്റെയും യോനാഥാന്റെയും അസ്ഥികൾ യാബേശിലെ "പിചുലവൃക്ഷത്തിൻ കീഴിൽ" ഉണ്ടായിരുന്നു, അവിടെയാണ് ഗിലെയാദിലെ-യാബേശ് നിവാസികൾ അവരെ അടക്കിയിരുന്നത് (1 ശമുവേൽ 31:13). [12]വളരെ പ്രാചീന യാഥാസ്ഥിതിക വിമർശകർ വിചാരിച്ചിരുന്നത് ദാവീദിന്റെ തീരുമാനം ന്യായീകരിക്കാവുന്നത് എന്നായിരുന്നു. അവർ "ദേശത്തിന്മേലുള്ള ശാപം" എന്നതിനെയും "രക്തത്തിനുപകരം രക്തം" എന്നതിനെയും കുറിച്ചു സംസാരിക്കുന്നു. പിന്നീട് വരുന്ന വ്യാഖ്യാതാക്കൾ അത്ര ഉറപ്പുള്ളവരല്ല. [13]ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തുള്ള "ദൈവമേ, ഞങ്ങൾക്ക് അദ്ധ്യക്ഷന്മാരെ തരിക" എന്ന പാഠത്തിൽ ഈ വേദഭാഗം മുഴുവൻ ചുരുക്കി പറയുന്നുണ്ട്. [14]ഇവിടെ വെച്ചാണ് ദാവീദിന്റെ ആളുകൾ അവനോടു ഇനി യുദ്ധത്തിനു ഞങ്ങളോടുകൂടെ നീ പോരരുത് എന്നു പറഞ്ഞത്. [15]രണ്ടു ശമുവേൽ 22 അടിസ്ഥാനപരമായി സങ്കീർത്തനം 18 പോലെയാണ്. [16]ദാവീദു തന്റെ ദൈവഭക്തിയുള്ള ജീവിതം 2 ശമുവേൽ 21; 22-ൽ ഊന്നി പറയുന്നു. [17]ഈ വേദഭാഗത്തിലുള്ള പാഠ്യപദ്ധതി ഈ പരമ്പരയുടെ തുടക്കത്തിൽ പല പ്രാവശ്യം സൂചിപ്പിക്കുന്നുണ്ട്, പ്രത്യേകിച്ച് മുൻപത്തെ ലക്കത്തിലുള്ള "ദൈവമേ, ഞങ്ങൾക്ക് അദ്ധ്യക്ഷന്മാരെ തരിക" എന്ന പാഠത്തിൽ. [18]ഒന്ന് ദിനവൃത്താന്തം 11:11-ൽ "മുന്നൂറ്" എന്നാണുള്ളത്. [19]അസാഹേൽ അബ്നേരിനാൽ ആയിരുന്നു കൊല്ലപ്പെട്ടതു (2 ശമുവേൽ 2). [20]1 ദിനവൃത്താന്തത്തിൽ ഈ ലിസ്റ്റു അദ്ധ്യായം 11 -ൽ കാണാം. ഊരിയാവിനുശേഷം മറ്റുപലരെയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പഷ്ടമായും, "മുപ്പതുപേർ" മരിച്ചുപോയപ്പോൾ, മറ്റു മികവുള്ള യോദ്ധാക്കൾ അവർക്കു പകരം നിയോഗിക്കപ്പെട്ടു. അങ്ങനെ, "ദാവീദിന്റെ സൈന്യബാഹുല്യ കീർത്തി" നിരവധി വർഷങ്ങളോളം വളർച്ച തുടർന്നു.

[21]കൂടുതൽ അന്വേഷണത്തിനു, ഈ പുസ്തകത്തിൽ പിന്നീട് കൊടുത്തിരിക്കുന്ന "മുതിർന്നവർക്കുവേണ്ട ഒരു സംഭവം" എന്നതിലുള്ള ഈ വേദഭാഗങ്ങളുടെ പ്രസംഗരീതി നോക്കുക. [22]കണക്കെടുപ്പ് നടത്തുവാൻ ദാവീദ് യോവാബിനോടു കല്പിച്ചു. [23]1 ദിനവൃത്താന്തം 21:5-ൽ പല കണക്കുകൾ നൽകുന്നു. എങ്ങനെയായാലും, 1 ദിനവൃത്താന്തം 21:6 ഉം 27:23, 24-ഉം പറയുന്നത് കണക്കുകൾ അപൂർണ്ണമായിരുന്നു എന്നാണ്. ചിലപ്പോൾ യഥാർത്ഥ കണക്കു എത്രയെന്ന് ഒരിക്കലും വ്യക്തമായില്ലായിരിക്കാം. [24]ദാവീദ് പാപം ചെയ്തു എന്ന തീർപ്പിൽ എത്താനുള്ള കാരണം നമ്മളോടു പറയുന്നില്ല. അവരുടെ സത്യത്തെ നിഷേധിക്കുവാൻ കഴിയാതിരുന്നതുവരെ ഒരുപക്ഷെ യോവാബിന്റെ വാക്കുകൾ അവനെ വേട്ടയാടിയിരിക്കാം. ചില പ്രകൃതിക്ഷോഭങ്ങൾ ദൈവം തന്നിൽ

സംപ്രീതനായിരുന്നില്ല എന്ന് ദാവീദിനെ ബോധ്യപ്പെടുത്തിയതായി ഒന്ന് ദിനവൃത്താന്തം 21:7 ചിലപ്പോൾ സൂചിപ്പിച്ചേക്കാം. [25]രണ്ടു ശമുവേൽ 24:13-ൽ ഉള്ളത് “ഏഴു സംവത്സരത്തെ ക്ഷാമം” എന്നാണ്. 1 ദിനവൃത്താന്തത്തിലും പഴയ നിയമത്തിന്റെ ആദ്യ ഗ്രീക്ക് വേർഷനിലും ഉള്ളത് “മൂന്നു വർഷങ്ങൾ” എന്നാണ്, അത് കൂടുതൽ യുക്തിപരമായി തോന്നും: മൂന്നു വർഷങ്ങൾ, മൂന്നു മാസങ്ങൾ, അല്ലെങ്കിൽ മൂന്നു ദിവസങ്ങൾ (ആർഎസ്‌വിയിലും, എൻഐവിയിലും, മറ്റു തർജ്ജിമകളും ഉള്ള 2 ശമുവേൽ 24:13 നോക്കുക). [26]അരവ്നയെ ഒർന്നാൻ എന്ന് 1 ദിനവൃത്താന്തം 21:18-മുതലുള്ള ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നു. ബൈബിൾ കാലയളവിൽ ധാരാളം പേർക്കു ഒന്നിൽ കൂടുതൽ പേരുകൾ ഉണ്ട്. [27]നഗരത്തിനടുത്തുള്ള ഒരു പ്രദേശത്തിന് ദൈവം പേരു നൽകുവാനുള്ള ഒരു കാരണമടങ്ങുന്നതാണ് ഒന്ന് ദിനവൃത്താന്തം 21:28-30: ഏറ്റവും പ്രധാന്യം സമയത്തിനായിരുന്നു, ദാവീദിനു ഗിബെയോനിലേക്കു പോകുവാൻ സമയം ഇല്ലായിരുന്നു, അവിടെ ആയിരുന്നു ഹോമയാഗത്തിനുള്ള യാഗപീഠം (എൽബിയിലുള്ള സമാന്തര പ്രയോഗം നോക്കുക). ദാവീദ്, എങ്ങനെയായാലും, ഒരു വലിയ പ്രത്യേകത അവിടെ കാണുകയും ആ സ്ഥാനത്തെ ദേവാലയത്തിനുവേണ്ട സ്ഥലമായി തിരഞ്ഞെടുക്കുകയും ചെയ്തു (1 ദിനവൃത്താന്തം 22:1; 2 ദിനവൃത്താന്തം 3:1). [28]രണ്ടു ശമുവേൽ 24:24 പറയുന്നു, “അങ്ങനെ ദാവീദ് കളത്തെയും കാളകളെയും അമ്പതു ശേക്കൽ വെള്ളിക്കു വാങ്ങി.” ഒന്ന് ദിനവൃത്താന്തം 21:25 പറയുന്നു, “അങ്ങനെ ദാവീദ് ആ സ്ഥലത്തിന്നു 600 ശേക്കെൽ പൊന്നു ഒർന്നാന്നു കൊടുത്തു.” ഇവ രണ്ടു പ്രത്യേക ഇടപാടുകൾ ആകാം, ഒന്നാമത്തേത് കളത്തിന്റെ സ്ഥലത്തിനു മാത്രവും രണ്ടാമത്തേത് ദൈവാലയം പണിയേണ്ട മുഴുവൻ സ്ഥലത്തിനും ഉൾപ്പെടെ ആയിരിക്കാം. [29]ഒന്ന് ദിനവൃത്താന്തം 21:26 പറയുന്നു, “അവൻ … ആകാശത്തിൽനിന്നു ഹോമപീഠത്തിന്മേൽ തീ ഇറക്കി അവന്നു ഉത്തരം അരുളി.” കാർമേൽ പർവ്വതത്തിൽ വെച്ച് സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങി വന്നത് ഇതുപോലെ ആണെന്ന് കരുതപ്പെടുന്നു (1 രാജാക്കന്മാർ 18:38). [30]ഇവിടെ മറ്റു രണ്ടു സാധ്യതകൾ ഉണ്ട്: ഒരുപക്ഷെ ദാവീദ് ചുറ്റുമുള്ള ദേശത്തെ തയ്യാറാക്കേണ്ടതിന് ആ കണക്കുകൾ ഉപയോഗിക്കുവാൻ ആഗ്രഹിച്ചിരുന്നേക്കാം, അല്ലെങ്കിൽ രണ്ടുകൂട്ടർക്കുമിടയിൽ ഒരു തർക്കമുണ്ടായാൽ യെഹൂദ്യയിൽ യിസ്രായേലുകാർക്കെതിരെ വിജയകരമായി യുദ്ധം ചെയ്യുവാൻ അവനാവശ്യമുള്ള ആളുകൾ ഉണ്ടാകുമോ എന്ന് അവൻ അറിയുവാനും ആഗ്രഹിച്ചിരുന്നിരിക്കാം.

[31]കഴിഞ്ഞ ഒരു പാഠമായ “വിശുദ്ധ സ്ഥലത്തു നില്ക്കൽ,” എന്നതിൽ ദേവാലയത്തിനുവേണ്ട ദാവീദിന്റെ ഒരുക്കങ്ങളെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ദാവീദിന്റെ രാജ്യസംഘടനയെ കുറിച്ചു “ദൈവമേ, ഞങ്ങൾക്കു അദ്ധ്യക്ഷന്മാരെ തരിക” എന്ന പാഠത്തിൽ വിവരിച്ചിട്ടുണ്ട്. [32]1 ദിനവൃത്താന്തം 23:1. നമുക്ക് 1 രാജാക്കന്മാർ 1; 2; 1 ദിനവൃത്താന്തം 23-29 എന്നിവയിലുള്ള എല്ലാ സംഭവങ്ങളുടെയും പ്രാധാന്യവും കാലനിർണ്ണയവും കൃത്യമായി അറിയില്ല. ഈ പാഠത്തിലെ പുനഃനിർമ്മാണത്തിനാണ് ഒരു സാധ്യത ഉള്ളത്. [33]ദൈവഹിതമായാൽ, ശലോമോനെ കുറിച്ചും 1-ഉം 2-ഉം ദിനവൃത്താന്തങ്ങളെ കുറിച്ചും ഇനിയുള്ള ലക്കങ്ങളിൽ ഈ വേദഭാഗങ്ങളെ കൂടുതൽ ആഴത്തിൽ നമുക്കു പഠിക്കാം. [34]യിസാഖാരിലെ ഗോത്ര പ്രദേശത്തുള്ള യിസരേൽ എന്ന സ്ഥലത്തിനടുത്തായിരുന്നു ശൂനയിം. [35]അബീശഗ് ദാവീദിന്റെ ഭാര്യയാണെന്നു പറയാതിരുന്നതുകൊണ്ടു, അവൾ അവന്റെ ഭാര്യ എന്ന് ചിലർ നിഷേധിച്ചിരുന്നു. ഞാൻ വിചാരിക്കുന്നത് അവൾ അവന്റെ വെപ്പാട്ടിമാരിൽ ഒരാളെങ്കിലും ആയിരുന്നു എന്നാണ്. ധാർമ്മികമായി, ഞാൻ അങ്ങനെ വിചാരിക്കുവാനുള്ള കാരണം അല്ലെങ്കിൽ ദാവീദ് ആ കരാറിനു സമ്മതിക്കുമായിരുന്നില്ല (അവന്റെ മനസ്സപ്പോഴും വ്യക്തമായിരുന്നു, പിന്നീടുള്ള സംഭവങ്ങൾ കാണിക്കുന്നതുപോലെ). വേദസംബന്ധമായി, ഞാൻ അതു വിശ്വസിക്കുവാനുള്ള കാരണം അബീശഗ്

ദാവീദിന്റെ അന്തപുരത്തിലെ ഭാഗമായിരുന്നില്ലെങ്കിൽ അദോനീയാവിന്റെ അബീശഗിനെ കുറിച്ചുള്ള അപേക്ഷയിൽ ശലോമോൻ വിഷമത്തിലാകുമായിരുന്നില്ല (1 രാജാക്കന്മാർ 2:22). [36]ആ ഏർപ്പാടിന്റെ ഉദ്ദേശ്യം ശരീരം ചൂടാക്കുക എന്നതായിരുന്നു എന്ന് യോസെഫസ് പറയുന്നു (നോക്കുക സഭാപ്രസംഗി 4:11). എങ്ങനെയായാലും, ദാവീദിന്, അനേകം ഭാര്യമാരും വെപ്പാട്ടിമാരും കിടക്ക ചൂടാക്കുന്നതിനായി ഉണ്ടായിരുന്നു. രാജ്യത്തിലെ ഏറ്റവും സുന്ദരിയായ പെൺകുട്ടിയെ കണ്ടെത്തുവാനുള്ള ഉദ്ദേശം ഊന്നിപറയുന്നതിനാൽ രാജാവിന് ഈ ഒരാവശ്യം നിറവേറ്റുവാനായിരുന്നു എന്നു പണ്ടുള്ളവർ വിശ്വസിക്കുവാൻ കാരണമായി: ഒരു മനുഷ്യന്റെ ശക്തിയുടെ അളവനുസരിച്ചാണ് അവന്റെ പൗരുഷത്തെ കണ്ടിരുന്നത്. അബീശഗിനെ തിരഞ്ഞെടുക്കുവാനുള്ള കാരണം രാജാവിനെ ഉണർത്തുവാൻ അവളുടെ സൗന്ദര്യത്തിനു കഴിയുമോ എന്നു നോക്കുവാനാണെന്ന് അവർ വിശ്വസിക്കുന്നു. അത്, എങ്ങനെയായാലും, ദാവീദ് അബീശഗുമായി ബന്ധം പുലർത്തിയില്ല എന്നുള്ളത് ഒരു ഊഹമുള്ള കാര്യമാണ് കാരണം അവന് അതിനു കഴിയുകയില്ല അല്ലെങ്കിൽ അവനത് തിരഞ്ഞെടുത്തില്ല. [37]ശലോമോൻ *ഒഴിച്ചു* അവന്റെ സഹോദരന്മാരെയെല്ലാവരെയും അദോനീയാവു ക്ഷണിച്ചു എന്ന വസ്തുത (1 രാജാക്കന്മാർ 1:9, 10, 19) സൂചിപ്പിക്കുന്നത് അടുത്ത രാജാവായി ശലോമോനെ അഭിഷേകം ചെയ്തത് അവൻ അറിഞ്ഞിരുന്നു എന്നതാണ്. [38]മൂത്ത മക്കളിൽ നാലാമത്തെവൻ ആയിരുന്നു അദോനീയാവു (2 ശമുവേൽ 3:4). ഏറ്റവും മൂത്ത പുത്രന്റെയും മൂന്നാമത്തെ മൂത്ത പുത്രന്റെയും മരണം നാം കണ്ടുകഴിഞ്ഞു, അതായത് അമ്നോന്റെയും അബ്ശാലോമിന്റെയും. രണ്ടാമത്തെ മൂത്ത മകനായ, കിലെയാബ്/ദാനിയേൽ, ചെറുപ്പത്തിൽ തന്നെ മരിച്ചിരുന്നു എന്ന് കരുതപ്പെടുന്നു. [39]ജീവിച്ചിരിക്കുന്ന മൂത്ത പുത്രന്മാരിൽ അടുത്തത് താനായതുകൊണ്ട് അദോനീയാവാ*യിരിക്കും* അടുത്ത രാജാവ് എന്നു അവൻ കരുതിയെന്നും, അവൻ രാജാവിനെ പോലെ കാണപ്പെടുന്നതു കൊണ്ടു അവനു രാജാവാ*കാം* എന്നു കരുതിയതായും (അവൻ സുന്ദരനായിരുന്നു), തന്നെയുമല്ല താൻ ആഗ്രഹിച്ചത് നടത്തണമെന്ന് എല്ലായ്പ്പോഴും അവൻ കാംക്ഷിച്ചിരുന്നതുകൊണ്ടും അവൻ രാജാവാ*യിരിക്കും* എന്നും വിചാരിച്ചതായി ഒന്ന് രാജാക്കന്മാർ 1:6 നമ്മെ ബോധ്യപ്പെടുത്തുന്നു ("അവന്റെ അപ്പൻ ഒരിക്കലും അവനെ മറികടന്നിരുന്നില്ല"). [40]അദോനീയാവുമായി ഇവർ എന്തുകൊണ്ട് രഹസ്യമായി ആലോചിച്ചു എന്നത് നമുക്കു ഊഹിക്കുവാനേ കഴിയൂ. സ്പഷ്ടമായും അദോനീയാവു വിജയിക്കുന്നതിന്റെ പക്ഷത്തായതുകൊണ്ടു അവനെ പിൻതാങ്ങുന്നത് അവർക്കു നല്ലതാണെന്നു അവർ കരുതി. ഒരുപക്ഷെ യോവാബ് ബെനയാവിന്റെ ജോലിയെ ഭയപ്പെട്ടിരിക്കാം (1 രാജാക്കന്മാർ 2:3 നോക്കുക). ഒരുപക്ഷെ അബ്യാഥാർ സാദോക്കിൽ അസൂയ പൂണ്ടിരിക്കാം.

[41]അബ്ശാലോമിന്റെ സംസാരമായിരുന്നു അദോനീയാവു പിൻപറ്റിയത്. ക്ഷണിക്ക*പ്പെടാത്ത*വരുടെ പേരുകൾ 1 രാജാക്കന്മാർ 1:8, 10-ൽ പറഞ്ഞിട്ടുണ്ട്. "ശിമെയിയും" "രെയിയും" ആരായിരുന്നു എന്നു നമുക്കറിയില്ല (ഇത് ദാവീദിനെ ശപിച്ച ശിമെയി ആയിരു*ന്നില്ല*). [42]"ഏൻ-രോയേൽ" അർത്ഥം "രോയേലിന്റെ വേഗത." [43]മുൻപു അതു പറഞ്ഞിട്ടില്ലെങ്കിൽ പോലും, ദാവീദിനെ കൊണ്ടു പ്രതിജ്ഞ ചെയ്തത് നാഥാനും ബത്ത്ശേബയും ആയിരുന്നുവെന്ന് വിശ്വസിക്കുവാൻ നമുക്കു തെളിവില്ല (1 രാജാക്കന്മാർ 1:13, 17). അടുത്ത രാജാവു ശലോമോനായിരിക്കുമെന്ന് ദാവീദ് പലപ്പോഴായി സൂചിപ്പിച്ചിട്ടുണ്ട്; എന്നാൽ ദാവീദിന്റെ, ശരീരം ക്ഷീണിച്ചിരുന്നുവെങ്കിലും അവന്റെ മനസ്സ് ഉണർന്നിരുന്നു, അവൻ അത്തരം പ്രതിജ്ഞ ചെയ്തതായി സമ്മതിച്ചു (1 രാജാക്കന്മാർ 1:30). [44]ആ മൂന്നു ഗൂഢാലോചനക്കാരുടെ വിധി 1 രാജാക്കന്മാർ 2-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. [45]ദാവീദിന്റെ അവസാനദിവസങ്ങളിൽ അവന്റെ സഹഭരണ കർത്താവായി ശലോമോൻ സേവിച്ചിട്ടുണ്ട് (1 രാജാക്കന്മാർ 1:46, 48 നോക്കുക). [46]ഈ അവസാന പരസ്യപ്രത്യക്ഷതയുടെ

വിശദാംശങ്ങൾ കാണുവാൻ, 1 ദിനവൃത്താന്തം 28; 29 നോക്കുക. [47]നമ്മുടെ കാഴ്ച്ചപ്പാടിൽ, അവന്റെ അപ്പോഴത്തെ പ്രതികാര വാഞ്ഛ ശലോമോനോടുള്ള അവസാന വാക്കുകളെ നഷ്ടപ്പെടുത്തി. എങ്ങനെയായാലും, നാം ഓർക്കേണ്ടത്, ഇത് കഠിനവും ക്രൂരവുമായ ദിനങ്ങളായിരുന്നു എന്നതാണ്. ഞാൻ എന്നെ ദാവീദിന്റെ സ്ഥാനത്ത് കാണുവാൻ ശ്രമിച്ചു. എന്റെ വാക്കുകൾ ദാവീദ് പറഞ്ഞതുപോലെ ശക്തമായതായിരിക്കുകയില്ല , എന്നാൽ ഞാനെന്റെ മകനോട് ശക്തരായ കുഴപ്പക്കാരെ സൂക്ഷിക്കുവാൻ മുന്നറിയിക്കണമെന്ന് കരുതുന്നു. [48]പലപ്പോഴായി ദാവീദ് ശലോമോനോടു പ്രത്യേക കല്പനകൾ നല്കുകയും, യഹോവയോടു വിശ്വസ്തനായിരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു, ഇത് (രേഖകൾ അനുസരിച്ച്) അവൻ മറ്റു മക്കളോടു പറയാത്ത ഒന്നാണ്. ദാവീദ് ഒരു മാതൃകാപിതാവായിരുന്നില്ല, എന്നാൽ തന്റെ ഒരു മകനോടു ചുരുങ്ങിയത് അങ്ങനെയാകുവാൻ അവൻ പരിശ്രമിച്ചു. നല്ല ഒരു അപ്പനാകുവാൻ പരിശ്രമിക്കുന്നതിന് ഒരിക്കലും വൈകിയിട്ടില്ല. [49]2 ശമുവേൽ 23:1-7 ലെ വാക്കുകളെ "ദാവീദിന്റെ അവസാന വാക്കുകൾ" എന്നു വിളിക്കുന്നു. [50]ഈ വേദഭാഗത്തിൽ ശിമെയിയോടുള്ള ദാവീദിന്റെ കല്പന മനസ്സിലാക്കുവാൻ പ്രയാസമാണ്, കാരണം ശിമെയി ജീവിക്കുമെന്ന് ദാവീദ് പ്രതിജ്ഞ ചെയ്യുന്നു (2 ശമുവേൽ 19:23). മുൻപ് യാഥാസ്ഥിതിക വ്യാഖ്യാതാക്കൾ ദാവീദിനെ പ്രതിരോധിച്ചു, യഹോവയുടെ അഭിഷിക്തനെതിരായി സംസാരിച്ചാൽ അതിന്റെ അനന്തരഫലമുണ്ടാവുമെന്നു സൂചിപ്പിച്ചു. ദാവീദ് ശലോമോനെ കുറിച്ചു ആവശ്യപ്പെട്ടതിനെ ന്യായീകരിക്കാമോ എന്നതിനെ കുറിച്ചു ആധുനിക പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ട്. ചിലർ വിചാരിക്കുന്നത് ശിമെയി നല്ല സ്വാധീന ശക്തിയുള്ള മനുഷ്യനായിരുന്നു എന്നാണ് (ദാവീദ് മടങ്ങി വന്നപ്പോൾ അവൻ ബെന്യാമീന്യരായ മറ്റു ആയിരം പേരെ അവനോടുകൂടെ കൊണ്ടുവന്നത് അതിനുള്ള തെളിവാണ്) അവൻ തുടർച്ചയായി ശലോമോന് ഭീഷണിയുമായിരുന്നു. മറ്റുള്ളവർ ഇതിനെ ദാവീദിന്റെ മനുഷ്യത്വത്തിന്റെ മാതൃകയായി എടുക്കുന്നു - മരണത്തിനുമുൻപുള്ള അവന്റെ അവസാന കുറവായും. പാപമോചനത്തിലുള്ള അവസാന വാക്ക് ദാവീദല്ല, മറിച്ച് യേശു ആണ്.

[51]യിരെമ്യാവു 31:34; എബ്രായർ 8:12. കർത്താവു പാപങ്ങളെ "മറക്കുന്നത്" നാം അവയെ കുറിച്ചു മാനസാന്തരപ്പെടുമ്പോൾ എന്ന അർത്ഥത്തിലാണ്, അവൻ അവയെ പിന്നീടു നമുക്കെതിരായി എടുക്കുകയില്ല. അവ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത*തുപോലെ ആയിരിക്കും.* തീർച്ചയായും, സർവ്വശക്തനായ ദൈവം എന്ന നിലയിൽ, കർത്താവു എല്ലാം ഓർക്കും. [52]1 രാജാക്കന്മാർ 9:6-9 ഉം, അതിനെ തുടർന്നു 1 രാജാക്കന്മാർ 9:4, 5-ലെ ദാവീദിനെ കുറിച്ചുള്ള ദൈവത്തിന്റെ പ്രസ്താവനയും നോക്കുക.